നം.കെഎസ്എ.-കെ.ടി.എം.പി.11/306/2019 തീയതി : 24.04.2019

# കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31-07-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2019 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2019 മുതൽ 15.03.2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പി.ബി നടരാജൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രഞ്ജിത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.റ്റി.എസ് കൃഷ്ണകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതിഗിരിജമോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.കെ.ആർ അജേഷ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി കുഞ്ഞമ്മ ടീച്ചർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും | ശ്രീ.സോജൻ സ്കറിയ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | | |
| സെക്രട്ടറി | ശ്രീ പി.എ നൗഷാദ് | 01.04.2017 മുതൽ 31-3-2018വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | റജിമോൾ എം.എം | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. അനിൽകുമാർ ടി. | 01.04.2017 മുതൽ 02.09.2017 വരെ |
| | ഡോ. സണ്ണിമാത്യു | 02.09.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | ഡോ. സീന എം ഇസ്മയിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. പ്രഹ്ളാദ് കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | ഡോ.സ്മിത പീതാംബരൻ | 01.04.2017 മുതൽ 23.10.2017 വരെ |
| | ഡോ.ശ്രീലക്ഷ്മി.എസ് | 24.10.2017മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചേനപ്പാടി | ശ്രീ.ഷാൻകുമാർ കെ.പി | 01.04.2017 മുതൽ 01.08.2017 വരെ |
| | ശ്രീ.മുഹമ്മദ് ഷാഫി | 02.08.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, എരുമേലി | ശ്രീ.വി.എം സജി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മിനി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ(LSGD) | ശ്രീ.ഷാഹുൽ ഹമീദ് കെ.എം | 01.04.2017 മുതൽ 15.07.2017 വരെ |
| | ശ്രീ.എസ് മുഹമ്മദ് റാഫി | 17.07.2017 മുതൽ 08.09.2017 വരെ |
| | ശ്രീമതി ബീന നാരായണൻ | 11.09.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജു തോമസ് | 01.04.2017 മുതൽ 18.07.2017 വരെ |
| | ശ്രീമതിജാൻസിമോൾ വർഗ്ഗീസ് | 19.07.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി സുശീല എൻ.ബി. | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി പി.എസ് ഉദയകല | 01.06.2017മുതൽ 27.06.2017 വരെ |
| | ശ്രീ.ജോസഫ് എൻ.ജെ | 27.06.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.എൻ വിജയൻ | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |

| | |
|---|---|
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | രസീത് ബുക്ക് -കളക്ഷൻ രജിസ്റ്റർ സൂക്ഷിപ്പിൽ അപാകതകൾ. |
| 2-2-1 | വസ്തു നികുതി -കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായി നിർണ്ണയിക്കേണ്ടതാണ് |
| 2-2-2 | വസ്തു നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ് |
| 2-2-3 | മൊബൈൽ ടവർ വസ്തുനികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ് |
| 2-2-4 | പെട്രോൾ പമ്പുകളുടെ നികുതി നിർണ്ണയം- പുന:പരിശോധിക്കേണ്ടതാണ് |
| 2-3-1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-3-2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2-4 | ലൈസൻസ് ഇല്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 2-5 | കെട്ടിട നിർമ്മാണം ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-6 | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തെരുവുവിളക്ക് പരിപാലനം -അടാട്ട് മാതൃക വിജയകരമായി നടപ്പാക്കുന്നു |
| 3-2 | ശബരിമല ഗ്രാന്റ് വിനിയോഗം-തുക ചെലവഴിക്കുന്നതിൽ അപാകതകൾ |
| 3-3 | കമ്പ്യൂട്ടർ /ലാപ് ടോപ്പ് വാങ്ങൽ -അധിക സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പ് വാങ്ങിയതിനാൽ അധികച്ചെലവ് |
| 3-4 | തെരുവുവിളക്ക് റിപ്പയറിങ്ങ് - ഇലക്ട്രീഷ്യന് അധികവേതനം നൽകി |
| 3-5 | സെയ്ദാലി റോഡിന് സംരക്ഷണഭിത്തി നിർമ്മാണം-പ്രവൃത്തി ഗുണനിലവാരം പുലർത്തിയില്ല |
| 3-6 | കോയിക്കക്കാവു കുടിവെള്ള പദ്ധതി-ഭാഗിക പ്രവൃത്തികൾ ഏറ്റെടുക്കുന്നു |
| 3-7 | ഗുണഭോക്തൃ സമിതി മുഖേന നിർമ്മാണം നടത്തിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ് |

| | |
|---|---|
| | ഇനത്തിൽ അധികതുക നല്കി |
| 3-8 | വാറ്റ് ഇനത്തിൽ വകയിരുത്തിയ തുക കൺവീനർക്ക് നൽകിയത് ക്രമപ്രകാരമല്ല. |
| 3-9 | പഞ്ചായത്ത് ലൈബ്രറിക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെ മറ്റ് ലൈബ്രറികളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്തു |
| 3-10 | കവുങ്ങുംകുഴി പ്ലാന്റിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ-അധികനിരക്ക് നൽകി |
| 3-11 | തോട് ക്ലീനിംഗ് -നിർണ്ണയിച്ച നിരക്ക് വസ്തുതാപരമല്ല. |
| 3-12 | റോഡ് ടാറിങ്ങ് പ്രവൃത്തികൾ--ബാരൽ വില ഈടാക്കിയില്ല |
| 3-13 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങാൻ ധനസഹായം അനുവദിക്കൽ - പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| 3-14 | പട്ടിക ജാതി /പട്ടികവർഗ്ഗ വിഭാഗക്കാരുടെ പഠനമുറി നിർമ്മാണം - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3-15 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അധികം നൽകിയ ഗുണഭോക്തൃവിഹിതം തിരികെ ഈടാക്കേണ്ടതാണ് |
| 3-16 | പകർച്ചവ്യാധി നിയന്ത്രണം - സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശുചീകരണത്തൊഴിലാളികൾക്ക് അധികനിരക്കിൽ വേതനം അനുവദിച്ചു |
| 3-17 | സാന്ത്വന പരിചരണം - രോഗികൾക്കുള്ള മരുന്ന് / ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 3-18 | തെരുവ് വിളക്ക് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്റ്റുകൾ-രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-19 | വിനിയോഗവിവരങ്ങൾ ലഭ്യമല്ല -ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |

| | |
|---|---|
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27-03-2018 തിയതിയിലെ 8/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും വരവുചെലവ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 89,59,258/- | 1,92,42,023/- | 10282765/- | - |
| വരവ് | 23,58,62,270/- | 11,69,44,136/- | - | 11,89,18,134/- |
| ആകെ | 24,48,21,528/- | 13,61,86,159/- | - | 10,86,35,369/- |
| ചെലവ് | 24,25,52,721/- | 11,42,63,430/- | - | 12,82,89,291/- |
| നീക്കിയിരിപ്പ് | 22,68,807/- | 2,19,22,729/- | 1,96,53,922/- | - |

2017-18 വർഷം 23.58 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 24.25 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 വരവുചെലവ് പത്രിക പ്രകാരം വരവ് 11.69കോടി രൂപയും ചെലവ് 11.42 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവുചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വലിയ വ്യത്യാസമാണുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവു കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രത്യേകം ശ്രദ്ധ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം 2017-18 ധനകാര്യ പത്രിക ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 17.05.2018-ലെ 19(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 19.06.2018 ലെ എ1-5997/18 നം. കത്ത് പ്രകാരം 25.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 29/06/2018, 30/06/2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 04-07-2018 ലെ കെ.എസ്.എ.-കെ.ടി.എം.പി/11-1299/18 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12-ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ വരവുചെലവ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്/ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,92,42,023/- |
| വരവ് | 11,69,44,136/- |
| ആകെ | 13,61,86,159/- |
| ചെലവ് | 11,42,63,430/- |
| നീക്കിയിരിപ്പ് | 2,19,22,729/- |

## 1-5 ഫണ്ട് വിനിയോഗം - വിശകലനം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,72,88,000/- | 2,72,88,000/- | 2,18,50,971/- | 54,37,029/- | 80.08 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,30,24,042/- | 1,30,24,042/- | 99,21,623/- | 31,02,419/- | 76.18 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 50,39,951/- | 50,39,951/- | 25,46,150/- | 24,93,801/- | 50.52 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,59,40,000/- | 1,59,40,000/- | 1,28,51,160/- | 30,88,840/- | 80.62 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 58,23,000/- | 58,23,000/- | 37,86,216/- | 20,36,784/- | 65.02 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,20,98,587/- | 1,20,98,587/- | 1,02,03,242/- | 18,95,345/- | 84.33 |
| തൊഴിലുറപ്പ് പദ്ധതി(MGNREGS) | 50,765/- | 2,62,361/- | 3,13,126/- | 0 | 3,13,126/- | 0 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 0 | 2157,597/- | 2157,597/- | 1,57,597/- | 2,00,000/- | 7.30 |
| ഐ.സി.ഡി.എസ്. (ICDS) | 2,53,797/- | 11,61,157/- | 14,14,954/- | 5,20,873/- | 8,94,081/- | 36.81 |
| ശബരിമല ഗ്രാന്റ് | 14,48,495/- | 30,00,000/- | 44,48,495/- | 33,03,445/- | 11,45,050/- | 74.26 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും ACR പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 1,74,30,000/- രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്.

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31/05/2017 ലെ ഉത്തരവ്വ നം. 490//17/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. 07.03.2018ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചു. പദ്ധതി രൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 08/04/2017 മുതൽ 09/04/17വരെ |
| വികസനസെമിനാർ | 03/05/2017 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 17,36,58,844/- രൂപയും ആകെ ചെലവ് 7,25,18,500/- രൂപയുമാണ്.അംഗീകാരം ലഭിച്ച 370 പ്രോജക്ടുകളിൽ 231 എണ്ണം നടപ്പാക്കിയതിലൂടെ അടങ്കലിന്റെ 41.76% ചെലവ് ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 3 | 2 | 34,26,098/- | 22,10,020/- | 64.50 |
| 2. | വെറ്ററിനറി സർജൻ | 9 | 6 | 53,17,000/- | 25,52,500/- | 48.00 |
| 3. | മെഡിക്കൽ ഓഫീസർ -CHC | 5 | 5 | 16,20,000/- | 15,10,116/- | 93.21 |
| 4. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 2,00,000/- | 2,00,000/- | 100 |
| 5. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 4,50,000/- | 4,49,200/- | 99.82 |
| 6. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 14 | 2,04,63,950/- | 99,88,650/- | 48.81 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18 | 10 | 1,00,84,452/- | 71,07,745/- | 70.48 |

| | | | | | | |
|---|---|---|---|---|---|---|
| 8. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 15,00,000/- | 15,00,000/- | 100 |
| 9. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 58 | 43 | 3,70,76,884/- | 1,62,31,289/- | 43.77 |
| 8. | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 6 | 2 | 12,55,000/- | 4,48,575/- | 35.74 |
| 9. | അസിസ്റ്റന്റ് എഞ്ചിനീയർ | 229 | 127 | 8,40,84,160/- | 2,53,79,525/- | 30.18 |
| 10. | അസിസ്റ്റന്റ് സെക്രട്ടറി | 23 | 18 | 81,81,300/- | 49,40,880/- | 60.39 |
| ആകെ | | 370 | 231 | 17,36,58,844/- | 7,25,18,500/- | 41.76 |

<u>പ്രോജക്ടുകളുടെ ബാഹുല്യം-വാർഷിക പദ്ധതി ഫലപ്രദമാകുന്നില്ല</u>

സാധാരണ ഗ്രാമപഞ്ചായത്തിന്റെ സ്റ്റാഫ് പാറ്റേൺ മാത്രമുള്ള പഞ്ചായത്തിൽ 2017-18 ൽ ഏറ്റെടുത്തത് 370 പ്രോജക്ടുകളാണ്. ഇതിന്റെ 62% പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത് (231എണ്ണം). ഒരു അസിസ്റ്റന്റ് എഞ്ചിനീയറും, 2 ഓവർസിയർമാരും ഉള്ള എഞ്ചിനീയറിംഗ് വിഭാഗത്തിനെ ഏൽപ്പിച്ചത് 8.4 കോടി അടങ്കലുള്ള 229 പ്രോജക്ടുകളാണ്. 127 പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ 30.18% മാത്രമാണ് ചെലവ്. പദ്ധതി അടങ്കൽ വാർഡ് അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതൊഴിവാക്കി നിലവിലുള്ള സംവിധാനം ഉപയോഗിച്ച് വാർഷിക പദ്ധതി നടപ്പിലാക്കാൻ കഴിയും വിധം പ്രോജക്ടുകളുടെ എണ്ണം നിയന്ത്രിക്കുന്നതിൽ ഭരണസമിതിയുടെ ഇടപെടൽ അനിവാര്യമാണ്.

<u>ഫണ്ട് ഉറപ്പു വരുത്താതെ പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതിയുടെ ഭാഗമാക്കുന്നു</u>

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപ്പിച്ചതാണ് മുക്കുട്ടുതറ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം. 2 കോടി അടങ്കലുള്ള പ്രോജക്ടിന് ബാങ്ക് ലോൺ ആണ് വകയിരുത്തിയിരുന്നത്. എന്നാൽ വസ്തു സംബന്ധിച്ച രേഖകൾ കൃത്യമല്ലാത്തതിനാൽ ലോൺ ലഭിക്കുന്നതിന് തടസ്സം ഉണ്ടാകുകയും നിർവ്വഹണം തടസ്സപ്പെടുകയും ചെയ്തു . ഫണ്ട് ലഭ്യത ഉറപ്പാക്കി മാത്രം പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

<u>ആവശ്യകത ഉറപ്പാക്കാതെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നു.</u>

ഘടകസ്ഥാപനങ്ങൾക്ക് ഉള്ള പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുമ്പോൾ ആവശ്യകത ഉറപ്പുവരുത്തുന്നതായി കാണുന്നില്ല. വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ മരുന്നു വാങ്ങലിന് 1,00,000/- രൂപ വകയിരുത്തിയെങ്കിലും മരുന്നു ലഭ്യമായിരുന്നതിനാൽ തുക ചെലവഴിച്ചില്ല. കൂടാതെ ഫോട്ടോസ്റ്റാറ്റ് മെഷിന് 1,50,000/- രൂപ വകയിരുത്തിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥലപരിമിതി മൂലം വാങ്ങിയില്ല എന്നറിയിച്ചു. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ആവശ്യകത ഉറപ്പാക്കുന്നതിൽ ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

<u>പദ്ധതിയിലുൾപ്പെട്ട വാങ്ങലുകൾ-ഒരേ ഇനത്തിന് പല ടെണ്ടറുകൾ ക്ഷണിക്കുന്നത് പഞ്ചായത്തിന് ധനനഷ്ടം വരുത്തുന്നു</u>

പ്രോജക്ട് നമ്പർ 64/2018 പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങലിനായി 2,10,000/-രൂപ വികസനഫണ്ട് വകയിരുത്തുകയും 2,02,950/- രൂപ ചെലവഴിക്കുകയും ചെയ്തു. പ്രോജക്ട് നമ്പർ 47/2018 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങലിനായി 9,90,000/-രൂപ വികസനഫണ്ട് വകയിരുത്തുകയും 9,55,560/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നോട്ടീസിനൊപ്പം നല്കിയ സ്പെസിഫിക്കേഷൻ പ്രകാരം Intel Quad core Processor ഉപയോഗിച്ചുള്ള ലാപ്ടോപ്പുകൾക്കാണ് ടെണ്ടർ വിളിച്ചിരുന്നത്. 18/8/2017 ൽ നടത്തിയ മാനവൽ ടെണ്ടറിൽ കുറവു തുക രേഖപ്പെടുത്തിയ ഓർക്കിഡ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് കരാർ നല്കുകയും 22,550/- രൂപ പ്രകാരം 9 എണ്ണം വാങ്ങുകയും ചെയ്തു. രണ്ടാമത്തെ പ്രോജക്ടിന് 18/12/2017 ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും കുറവു തുക രേഖപ്പെടുത്തിയ ഓർക്കിഡ് കംപ്യൂട്ടേഴ്സിൽ നിന്നും 23,889/- രൂപക്ക് 40 ലാപ്ടോപ്പ് വാങ്ങുകയും ചെയ്തു. പദ്ധതിക്കാലയളവിൽ ആവശ്യമുള്ള മുഴുവൻ

ലാപ്ടോപ്പുകളുടെയും കണക്ക് എടുത്ത് ഒറ്റ ടെണ്ടറായി ആദ്യം തന്നെ നടത്തിയിരുന്നെങ്കിൽ കംപ്യൂട്ടർ ഒന്നിന് 1339/- രൂപ പ്രകാരം 40 എണ്ണത്തിന് 53560/- രൂപ ലാഭിക്കാൻ കഴിയുമായിരുന്നു. 22550/- രൂപക്ക് 2018 മാർച്ച് വരെ ഫേം പിരീഡ് നല്കിയ സ്ഥാപനത്തിൽ നിന്നു തന്നെ അധിക നിരക്ക് നല്കി കംപ്യൂട്ടറുകൾ വാങ്ങിക്കേണ്ടി വന്നത് പദ്ധതി നിർവ്വഹണത്തിലെ അപാകതയാണ്.

പദ്ധതി രൂപീകരണത്തിലെ അപാകത-തനത്ഫണ്ട് നഷ്ടം

2016-17 വർഷം വികസനഫണ്ട് (റ്റി.എസ്.പി) വകയിരുത്തി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവനപുനരുദ്ധാരണത്തിന് (315/2017) പ്രോജക്ട് തയ്യാറാക്കുകയും 25 ഗുണഭോക്താക്കൾക്കായി വികസനഫണ്ട് 7,50,000/- രൂപ വകയിരുത്തുകയും ചെയ്തു. പൂർത്തിയാക്കാനുള്ള 7 ഗുണഭോക്താക്കൾക്ക് ഭാഗികമായി തുക നല്കുകയും ചെയ്തു. ബാക്കി തുക നല്കുന്നതിനായി 2017-18 ൽ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കേണ്ടതായിരുന്നെങ്കിലും തയ്യാറാക്കാതിരുന്നതിനെ തുടർന്ന് ഗുണഭോക്താക്കൾക്ക് തുക നല്കാൻ കഴിയാതെ വരുകയും പിന്നീട് പുതിയ പ്രോജക്ടായി 1,20,000/- രൂപ തനതുഫണ്ടിൽ നിന്ന് വകയിരുത്തി തുക ചെലഴിക്കുകയും ചെയ്തു. പദ്ധതി ആസൂത്രണത്തിലെ അപാകത മൂലം വികസനഫണ്ട് (റ്റി.എസ്.പി) ലാപ്സാകുകയും ഇതേ ആവശ്യത്തിന് തനത് ഫണ്ട് ചെലവഴിക്കുകയും ചെയ്തത് ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

എരുമേലിഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബർ ബജറ്റ് പ്രകാരം ആകെ 218 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 109 പ്രോജക്ടുകളിൽ 48 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി. സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടുകളിൽ 44% പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷം 23 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 34447 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 913 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 393 അയൽക്കൂട്ടങ്ങളിൽ മുഴുവൻ അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 4 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, മൺറോഡ് നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രവർത്തികൾ. 2017-18 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 50765 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 9198514 | 9268375 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 69861 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 9006014 | 9246894 |
| | ഉപകരണങ്ങളുടെ വില, വാടക | | |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 240880 | |
| നീക്കിയിരിപ്പ് | | | 72246 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 76 | 29,760/- |
| കർഷകതൊഴിലാളി പെൻഷൻ | 205 | 23,73,900/- |

| | | |
|---|---|---|
| വിധവാപെൻഷൻ | 1014 | 1,15,61,600/- |
| വാർദ്ധക്യകാലപെൻഷൻ | 2277 | 2,40,74,600/- |
| വികലാംഗപെൻഷൻ | 453 | 51,94,000/- |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 37 | 4,11,600/- |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 3 | 1,50,000/- |
| ആകെ ബി-ഫണ്ട് | | 43795460/- രൂപ |

## 1-9 ക്യാഷ് പരിശോധന

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2019 തീയതിയിൽ 03:15 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 144918/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവുകളും അവയുടെ പാലിക്കലും

എരുമേലി ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നികുതി സംബന്ധമായ വരവുകളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചു പോരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. വിവിധ കമ്മറ്റികളുടെ മിനിറ്റ്സ് ബുക്കുകൾ, കെട്ടിടനിർമാണ പെർമിറ്റ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ സാമാന്യം തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

അക്കൗണ്ടിംഗ് സംവിധാനം

സാംഖ്യാ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് തുടർന്നുവരുന്നു. ഇഎംഡി തുകകൾ ലേല തുകയിൽ ക്രമീകരിക്കുമ്പോൾ കൃത്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ചവരുന്നുണ്ട്. കാഷ് ബുക്ക്, ഡേ ബുക്ക്, വിവിധ ബാങ്ക് റിക്കൺസിലിയേഷനുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കണിശതയോടെ നിരീക്ഷിച്ച് വരുന്നു.

പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ പ്രവർത്തനം

പഞ്ചായത്തിലെ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ഇടപെടലുകൾ തൃപ്തികരമായിരുന്നില്ല. ആവശ്യമുള്ള സാധനങ്ങളുടെ കണക്ക് മുൻകൂറായി ശേഖരിച്ച് ടെണ്ടർ വിളിച്ചിരുന്നില്ല. ഒരേ സാധനങ്ങൾക്ക് വിവിധ ഘട്ടങ്ങളിൽ ടെണ്ടർ നടത്തിയതിലൂടെ സാധനവിലയിലും, പരസ്യച്ചെലവിലും പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിക്കുന്നു. സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേറോൾ നിയന്ത്രണം നിലവിലുണ്ട്.

ആസ്തി നിയന്ത്രണം ഫലപ്രദമല്ല

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും സചിത്ര സോഫ്റ്റ്‌വെയർ മുഖാന്തിരം രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/2/2018, 20/2/2018 | 01/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.06.2017 മുതൽ 01.07.2017 വരെ | 2015-16 & 2016-17 | LBA(HQ) 118A-2647/17-18 Dated- 16.08.2017 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 15,17,64,815/- രൂപയും ചെലവ് 14,14,06,955/- രൂപയും തൻവർഷ പ്രവർത്തന മിച്ചം (Gross Surplus) 98,81,145/- രൂപയുമാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 7,14,56,904/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 1,70,11,558.85 രൂപയുമാണ്.

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ വിവരിക്കുന്നു.

- 26.07.2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
- പഞ്ചായത്തിന്റെ ജനറൽ ഫണ്ടിന്റെ(സാംഖ്യ കണക്ക് ശീർഷകം-310100101) കൃത്യത നിർണ്ണയിക്കുന്നതിന് പര്യാപ്തമായ രേഖകൾ ലഭ്യമല്ല. പഞ്ചായത്തിന്റ ആസ്തികൾ കൃത്യമായി കണക്കാക്കുന്ന നടപടികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 31.03.2018ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി-ബാധ്യത, ജനറൽ ഫണ്ട് എന്നിവയുടെ കൃത്യത വ്യക്തമല്ല.
- ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്ത ഓഖി ദുരിതാശ്വാസ ഫണ്ട് 350200199 ശീർഷകത്തിലുള്ളത് അടവാക്കാതെ ബാധ്യതയായി നിലനിൽക്കുന്നു.
- 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് മുൻകൂർ തുകകളുടെ വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയ്ക്ക് ആനുപാതികമായി (5%) നിർണ്ണയിക്കേണ്ട 431910101-ലൈബ്രറി സെസ്സ് കൺട്രോൾ അക്കൗണ്ടിലെ തുകയിലും വ്യത്യാസം കാണുന്നു.
- ലഭിക്കാനുള്ള വരവിനങ്ങളെ വർഷം തിരിച്ച് വേർതിരിച്ച് ആയവയ്ക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

- വാർഷിക കണക്കുകൾ തയ്യാറാക്കിയത് സംബന്ധിച്ച എല്ലാ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുമുള്ള കുറിപ്പുകൾ (Notes on Account) തയ്യാറാക്കിട്ടില്ല.
- പ്രോജക്ട് അവസാനിച്ച ശേഷവും പശ്ചിമഘട്ട വികസന പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ(6703569534-7) 31.03.2018-ൽ 74/- രൂപ മാത്രം നീക്കിയിരിപ്പായി അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു. മിനിമം ബാലൻസ് നിലനിർത്താത്ത സാഹചര്യത്തിൽ പിഴപ്പലിശ ബാങ്ക് ഈടാക്കാൻ തുടങ്ങിയതിനാൽ ടി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.
- ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലുള്ള 46,050/- രൂപ 110200102-Profession Tax-Employees ശീർഷകത്തിലേക്ക് ശമ്പള റിക്കവറിയായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അതിനാൽ ഷെഡ്യൂൾ റസീപ്റ്റ് & പേയ്മെന്റ് പത്രിക RP-1 ൽ പ്രസ്തുത വരവ് പ്രതിഫലിച്ചിട്ടില്ല.
- അങ്കണവാടി പോഷകാഹാരം (ജനറൽ) ഷെഡ്യൂൾ I-14, ഉൽപ്പാദനമേഖലയിൽ ചേർത്തിരിക്കുന്നു.

2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് ബുക്ക് -കളക്ഷൻ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

2017-18 വർഷം രസീതു ബുക്കുകളും അവയുടെ കളക്ഷൻ രജിസ്റ്ററും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പല രസീതുകളുടെയും കളക്ഷൻ രജിസ്റ്ററുകൾ ഹാജരാക്കുന്നതിന് സാധിച്ചിട്ടില്ല. സാംഖ്യ പത്രികയാണ് രസീതു ബുക്കുകൾ പരിശോധിക്കുന്നതിനായി ലഭ്യമാക്കിയത്. കൂടാതെ കളക്ഷൻ രജിസ്റ്റർ ലഭ്യമാക്കാത്തത് മൂലം 12388, 5028, 5923 എന്നീ രസീതു ബുക്കുകൾ പരിശോധിക്കുന്നതിനായി സാധിച്ചിട്ടില്ല. ആയതിനാൽ ടി രസീതു ബുക്ക് പ്രകാരമുള്ള വരവുകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ടി രസീതു ബുക്കുകൾ തുടർ പരിശോധനക്കായി ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രസീത് ബുക്ക് മുഖേനയുള്ള വരവുകൾ അതാത് ദിവസം തന്നെ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി തുക അടവാക്കി ആയതിന്റെ രസീത് കളക്ഷൻ രജിസ്റ്ററിൽ പതിക്കേണ്ടതാണ്. എന്നാൽ എരുമേലി ഗ്രാമപഞ്ചായത്ത് 2017-18 വർഷം രസീതുകൾ, കളക്ഷൻ രജിസ്റ്ററുകൾ എന്നിവ എഴുതുന്നതിലും സൂക്ഷിക്കുന്നതിലും കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ ഇത്തരം അപാകതൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

### 2-2-1 വസ്തു നികുതി -കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായി നിർണ്ണയിക്കേണ്ടതാണ്

വാണിജ്യ/വ്യാപാര ആവശ്യങ്ങൾക്കായി ലൈസൻസ് നേടിയിട്ടുള്ള നിരവധി സ്ഥാപനങ്ങളെ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളായി കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇപ്രകാരം തെറ്റായി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ വൻകുറവ് സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | കെട്ടിട ഉടമയുടെ വിവരം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഉപയോഗം | ഡി & ഒ ലൈസൻസ് പ്രകാരം ഉപയോഗം |
|---|---|---|---|---|
| 20/320 | അന്നമ്മ ജോൺ<br>പുളിക്കമലയിൽ<br>എരുമേലി | 150 | പാർപ്പിടം | പെട്രോളിയം ഉൽപ്പന്നങ്ങൾ വ്യാപാരം<br>(റ്റി.കെ.എസ് നായർ, |

| | | | | |
|---|---|---|---|---|
| | | | | ബി.പി.സി ഡീലർ) |
| 7/668 | എംഎസ് ഷാജി മേപ്രത്ത് | 190 | പാർപ്പിടം | പെട്രോളിയം ഉൽപ്പന്നങ്ങൾ വ്യാപാരം (പി.എസ് മുഹമ്മദ് & കമ്പനി) |
| 21/521 | സാന്റിഷ് വർഗ്ഗീസ് തോപ്പിൽ | 35 | പാർപ്പിടം | മനോജ് കുമാർ, യൂസ്ഡ് കാർ പാർക്കിംഗ് ഓഫീസ് |
| 17/325 | മുഹമ്മദ്സാലി | 182.16 | പാർപ്പിടം | ഷെമീസ് നൗഷാദ്, വസ്ത്ര വ്യാപാരം |
| 20/579 | അൻവർ ഷഫീക്ക്, ചിറയ്ക്കൽ | 74 | പാർപ്പിടം | ജയ്മോൻ ജേക്കബ്, ഹോട്ടൽ |
| 7/99 H | സഞ്ചയയിൽ വസ്തുനികുതി നിർണ്ണയം ഉൾപ്പെടുത്തിയിട്ടില്ല | -- | -- | റോയി തോമസ്, ഫാസ്റ്റ് ഫുഡ് |
| 13/330 | സഞ്ചയയിൽ വസ്തുനികുതി നിർണ്ണയം ഉൾപ്പെടുത്തിയിട്ടില്ല | -- | -- | ജോഷി ആന്റണി, ജൗളി വ്യാപാരം |

പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളെ അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുന:നിർണ്ണയിക്കാൻ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2-2 വസ്തു നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്

വാർഷിക കണക്കുകൾ പ്രകാരം 52,09,311/- രൂപയാണ് വസ്തുനികുതിയിനത്തിൽ കുടിശ്ശിക. നിലവിൽ കുടിശ്ശിക പിരിവിൽ പുരോഗതിയുണ്ടെങ്കിലും വൻതുക കുടിശ്ശിക നിലനിൽക്കുന്നതിനാൽ പിരിവ് കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ചുവടെ ചേർക്കുന്ന സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ നികുതി 2013-14 മുതൽ കുടിശ്ശികയാണ്.

| കെട്ടിട നം | കെട്ടിടം | വിസ്തീർണ്ണം (ച.മീ) | നികുതി (BT+ LC) | റിമാർക്സ് |
|---|---|---|---|---|
| 20/330 | ഫോറസ്റ്റ് റേഞ്ച് ഓഫീസ്, എരുമേലി | 70 | 3080+154 =3234 | 2013-14 മുതൽ കുടിശ്ശിക |
| 20/334 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ഓഫീസ് | 50 | 4000+220=4220 | |
| 20/335 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ഓഫീസ് | 39.9 | 1118+56 =1174 | |
| 20/442 | സെക്രട്ടറി കേരളാ പെൻഷനേഴ്സ് യൂണിയൻ | 80 | 2240+112=2352 | 2013-14 മുതൽ നികുതി കുടിശ്ശിക. പ്രസ്തുത കെട്ടിടം പ്രഥമ മേഖലയിലാണെങ്കിലും ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു. |

വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2-3 മൊബൈൽ ടവർ വസ്തുനികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ദീർഘനാളായി കുടിശ്ശികയാണ്

| വാർഡ് നം | ടവറിന്റെ വിവരം | ഈടാക്കേണ്ട നികുതി (വാർഷികം) | റിമാർക്സ് |
|---|---|---|---|
| 9/63A | എസ്സാർ ടെലികോം | 23335 | 2013-14 മുതൽ നാളിതുവരെ കുടിശ്ശിക |
| 13/544 | ബി.എസ്.എൻ.എൽ ടെലികോം കോട്ടയം | 11200 | |
| 15/276 | ബി.എസ്.എൻ.എൽ ടെലികോം കോട്ടയം | 7500 | |
| 20/371 | ഡബ്ല്യൂറ്റിറ്റി എൽടി കമ്പനി ചേമ്പേഴ്സ് | 32000 | |
| 20/409 | റിലയൻസ് ഇൻഫോകോംകൊച്ചി | 22500 | 2015-16 മുതൽ കുടിശ്ശിക |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/14.3.19) മറുപടി ലഭ്യമായില്ല. തുടർ നടപടി സ്വീകരിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2-4 പെട്രോൾ പമ്പുകളുടെ നികുതി നിർണ്ണയം- പുന:പരിശോധിക്കേണ്ടതാണ്

16/830 കെട്ടിട നമ്പരായി ശ്രീ.ജിജോ കെ ആന്റണി, കൊണ്ടാട്ടുകുന്നേൽ എന്നയാളുടെ പെട്രോൾ, ഡീസൽ വ്യാപാരത്തിനായുള്ള കെട്ടിടം 12 ച.മീ തറവിസ്തീർണ്ണം എന്ന് കണക്കാക്കിയാണ് സഞ്ചയ സോഫ്റ്റ്വെയറിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ 100 ച.മീ എന്നാണ് തറവിസ്തീർണ്ണം സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പെട്രോൾ അല്ലെങ്കിൽ ഡീസൽ വിപണനം ചെയ്യുന്ന സ്ഥലം (കനോപി) ഓപ്പൺ സ്പെയ്സ്സായി നിലനിർത്തുന്നത് നികുതി ഇളവ് നല്കുന്നതിനു വേണ്ടിയല്ല, മറിച്ച് വിവിധ ഭാഗങ്ങളിലൂടെ ഒരേ സമയം നിരവധി വാഹനങ്ങൾ കടന്നുവരുന്നതിന് തടസം ഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണ്. കൃത്യമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുന:നിർണ്ണയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പെട്രോൾ പമ്പുകളുടെയും വസ്തുനികുതി കൃത്യമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിച്ചിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങൾ സമർപ്പിച്ച പത്രികകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഷെർ കിഡ്സ് ഇന്റർനാഷണൽ പ്രീ സ്കൂൾ,എരുമേലി | രണ്ടാം അർദ്ധവർഷം |
| 2 | കാഞ്ഞിരപ്പള്ളി കോപ്പറേറ്റീവ് അഗ്രിക്കൾച്ചർ റൂറൽ ഡവലപ്മെന്റ് ബാങ്ക് | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| | | |
| 3 | മീനച്ചിൽ ഈസ്റ്റ് അർബൻ കോപ്പറേറ്റീവ് ബാങ്ക് | 1,2 അർദ്ധവർഷം |
| 4 | കത്തോലിക് സിറിയൻ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 5 | മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് -മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 6 | ഗവ.ഹോമിയോ ഡിസ്പെൻസറി-എരുമേലി | ഒന്നാം അർദ്ധവർഷം |
| 7 | സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസ് | ഒന്നാം അർദ്ധവർഷം ഒരു ജീവനക്കാരൻ മാത്രമാണ് നികുതി അടവാക്കിയത്. രണ്ടാം അർദ്ധവർഷം 6 ജീവനക്കാർ നികുതി അടച്ചു. |
| 8 | മിനി മുത്തൂറ്റ് നിധി | രണ്ടാം അർദ്ധവർഷം |
| 9 | കൊശമറ്റം ഫിനാൻസ്-എരുമേലി | രണ്ടാം അർദ്ധവർഷം |
| 10 | മുത്തൂറ്റ് ഫിനാൻസ്-എരുമേലി | രണ്ടാം അർദ്ധവർഷം |
| 11 | മുത്തൂറ്റ് ഫിനാൻസ്-മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 12 | കൊശമറ്റം ഫിനാൻസ്-മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 13 | ഫോറേയ്സ് സർവീസസ് കൺസ്ട്രക്ഷൻ | രണ്ടാം അർദ്ധവർഷം |
| 14 | റ്റി.പി ബാങ്കേഴ്സ് | രണ്ട് അർദ്ധവർഷവും |
| 15 | തെക്കേമുറി ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 16 | മുണ്ടയ്ക്കൽ ബാങ്കേഴ്സ് | രണ്ടാം അർദ്ധവർഷം |
| 17 | ജോസ്ന ഫിനാൻസ്-എരുമേലി | രണ്ട് അർദ്ധവർഷവും |
| 18 | മേമന ചിട്ട്സ് ആന്റ് ഫിനാൻസ്-മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 19 | പാലിയേറ്റീവ് കെയർ | രണ്ടാം അർദ്ധവർഷം |
| 20 | സപ്ലൈകോ ലാഭം മാർക്കറ്റ് | രണ്ടാം അർദ്ധവർഷം |
| 21 | മേരിമാത ഡെന്റൽക്ലിനിക്ക് | രണ്ട് അർദ്ധവർഷവും |

| | | |
|---|---|---|
| 22 | കണമല ക്ഷീരോൽപ്പാദക സംഘം | രണ്ട് അർദ്ധവർഷവും |
| 23 | മണിപ്പുഴക്ഷീരോൽപ്പാദക സംഘം | രണ്ട് അർദ്ധവർഷവും |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് 12.03.2019ൽ നൽകിയ 12-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

## 2-3-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| 1 | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 2 | ആശീർവാദ് മൈക്രോ ഫിനാൻസ് | രണ്ട് അർദ്ധവർഷവും |
| 3 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 4 | കൊശമറ്റം ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 5 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് | രണ്ട് അർദ്ധവർഷവും |
| 7 | മണപ്പുറം ഫിനാൻസ് | രണ്ട് അർദ്ധവർഷവും |
| 8 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്-മുക്കൂട്ടുതറ | രണ്ട് അർദ്ധവർഷവും |
| 9 | കൊശമറ്റം ഫിനാൻസ് -മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 10 | ഡോറ ട്രസ്റ്റ് എരുമലി | രണ്ടാം അർദ്ധവർഷം |
| 11 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | രണ്ട് അർദ്ധവർഷവും |
| 12 | ഫോറേയ്സ് സർവീസസ് ആന്റ് കൺസ്ട്രക്ഷൻ | രണ്ടാം അർദ്ധവർഷം |
| 13 | റ്റി.പി ബാങ്കേഴ്സ്-എരുമേലി | രണ്ട് അർദ്ധവർഷവും |
| 14 | ജോസ്ന ഫിനാൻസ് | രണ്ട് അർദ്ധവർഷവും |
| 15 | മേമന ചിട്ട്സ് ആന്റ് ഫിനാൻസ് | രണ്ട് അർദ്ധവർഷവും |
| 16 | കണ്ണിമല സർവീസ് കോപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 17 | എയ്ഞ്ചൽ ഫിനാൻസ് | രണ്ട് അർദ്ധവർഷവും |
| 18 | ബിവറേജസ് കോർപ്പറേഷൻ | രണ്ട് അർദ്ധവർഷവും |

ടി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/14.3.19) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 ലൈസൻസ് ഇല്ലാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

എരുമേലി ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 610 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 2593 വാണിജ്യസ്ഥാപനങ്ങളുടെ നികുതി നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാണ്. ഇതിൽനിന്നും പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഓരോ വാർഡിലും എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമല്ല. എല്ലാ സ്ഥാപനങ്ങളെയും നിർബന്ധമായും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണെന്ന് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുള്ളതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണം ക്രമവല്ക്കരണ ഫീസ് ഈടാക്കുന്നതിൽ കുറവ്

2017-18 സാമ്പത്തിക വർഷം പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരം സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ക്രമവൽക്കരണ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരിശോധനയിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15/തസ്വഭവ നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല എന്ന് കാണുന്നു .

2017-18 വർഷം വാവർ മെമ്മോറിയൽ ഹൈസ്കൂളിൽ 1620.70 ച.മീ കെട്ടിടം ക്രമവല്ക്കരിച്ച് നല്കിയിട്ടുണ്ട്. ഇതിന് ഫീസായി 3-6-2017 ലെ 117020101255 രസീത് പ്രകാരം 16207/- രൂപ പഞ്ചായത്തിൽ സ്വീകരിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച കത്തിലെ സ്പഷ്ടീകരണം പ്രകാരം പെർമിറ്റ് എടുക്കാതെ പണിത കെട്ടിടമായതിനാൽ പെർമിറ്റ് ഫീസ് 8103/- രൂപയും രാജിയാക്കൽ ഫീസ് 16207/-രൂപയും ഉൾപ്പെടെ 24310/- രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 8104/- രൂപ കുറവായി ഈടാക്കിയതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. കുറവ് വന്ന തുക ഈടാക്കുന്നതോടൊപ്പം 2017-18 വർഷത്തെ എല്ലാ ക്രമവല്ക്കരണ ഫയലുകളും പരിശോധിച്ച് ഫീസ് കുറവ് വന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എരുമേലി ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ റവന്യൂവകുപ്പിന്റെ ഓഫീസും (വില്ലേജ് ഓഫീസ്) പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കൃഷി ഓഫീസും മുകളിൽ സബ് രജിസ്ട്രാർ ഓഫീസും പ്രവൃത്തിക്കുന്നുണ്ട്. വർഷങ്ങളായി പ്രവർത്തിക്കുന്ന ഈ ഓഫീസുകളിൽ നിന്നും നാളിതു വരെ വാടക ഈടാക്കിയിട്ടില്ല. വാടക ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/14.3.19) അടുത്ത പഞ്ചായത്ത് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിഷയം സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത മുറികളുടെ വാടക നിർണ്ണയിച്ച് മേൽസ്ഥാപനങ്ങളിൽ നിന്നും വാടക ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്ക് പരിപാലനം -അടാട്ട് മാതൃക വിജയകരമായി നടപ്പാക്കുന്നു

പഞ്ചായത്ത് ഡയറക്ടറുടെ 17-8-2015 ലെ ജി2-44274/15 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അടാട്ട് ഗ്രാമപഞ്ചായത്തിനെ മാതൃകയാക്കിയാണ് തെരുവുവിളക്കുകളുടെ മെയിന്റനൻസ് പദ്ധതി ഗ്രാമപഞ്ചായത്തിൽ

ആവിഷ്കരിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ സാമഗ്രികൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനും, മെയിന്റനൻസിനായി ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഇലക്ട്രീഷ്യൻമാരെ നിയമിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികളിലൂടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ സാമഗ്രികൾ വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഇലക്ട്രീഷ്യൻമാരെ നിയമിക്കുകയും പദ്ധതിയുടെ നോഡൽ ഓഫീസറായി ജൂനിയർ സൂപ്രണ്ടിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ, തെരുവ് വിളക്ക് രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിക്കുന്നുണ്ട്. കംപ്ലൈന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പകരം ഫോൺ മുഖാന്തരം നോഡൽ ഓഫീസർക്ക് ലഭിക്കുന്ന പരാതികൾ അടിയന്തിരമായി പരാതിയ്ക്കിടയാകാത്ത രീതിയിൽ പരിഹരിക്കുന്നുണ്ട്. 2017-18 വർഷം സിഎഫ്എൽ ലൈറ്റുകൾ മാറ്റി പരിസ്ഥിത സൗഹൃദമായ എൽഇഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും 2018-19 വർഷവും ആയത് തുടരുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പഴയവാഹനം (KL5V9201) പദ്ധതിയുടെ ആവശ്യത്തിലേക്കായി ഉപയോഗിച്ചുവരുന്നു. വരും വർഷത്തിൽ ആവശ്യമായ മെയിന്റനൻസ് വർക്കുകൾ പരാതിയ്ക്കിടയില്ലാത്തവിധം നടപ്പാക്കുന്നതിനും തദ്വാരാ മറ്റ് ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയാകുന്ന രീതിയിൽ തെരുവുവിളക്ക് പരിപാലനം മാറുന്ന സ്ഥിതിവിശേഷം സംജാതമാകുന്നതിനും ഇടയാകുന്നതാണ്.

## 3-2 ശബരിമല ഗ്രാന്റ് വിനിയോഗം-തുക ചെലവഴിക്കുന്നതിൽ അപാകതകൾ

1)ശബരിമല ഗ്രാന്റ്- 26,45,060/- രൂപ ചെലവഴിക്കാനവശേഷിക്കുന്നു

തദ്ദേശസ്വയംഭരണവകുപ്പിന്റെ 14-11-2017 ലെ സ.ഉ(സാധാ) നം 3660/2017/തസ്വഭ ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മുന്നൊരുക്കങ്ങൾക്കായി എരുമേലി ഗ്രാമപഞ്ചായത്തിന് 30ലക്ഷം രൂപ അനുവദിച്ചു നൽകിയിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കും മാത്രം ടി തുക വിനിയോഗിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. ഗ്രാമപഞ്ചായത്തിന് ലഭിച്ച 30ലക്ഷം രൂപ 28-11-2017 ൽ ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരുന്നു. 2017-18 വർഷം ചെലവഴിക്കാനവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14,48,495/- |
| 2017-18 ൽ ലഭിച്ചത് | 30,00,000/- |
| ആകെ | 44,48,495/- |
| 2017-18 വർഷം വിനിയോഗിച്ചത് | 33,03,445/- |
| ബാലൻസ് | 11,45,050/- |

മേൽ പരാമർശിച്ച തുക കൂടാതെ സ.ഉ.(സാധാ)നം.1623/2018/ധന തീയതി 3-3-2018 പ്രകാരം ശബരിമലയ്ക്ക് ചുറ്റുമുള്ള 6 പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കണമെന്ന 5-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ കൂടി സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ചിരുന്നു. ടി തുക ബിൽ നം. 31/24-3-2018 പ്രകാരം പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരുന്നുവെങ്കിലും ചെലവഴിച്ചിരുന്നില്ല. ടി തുക ഉൾപ്പടെ 31-3-2018-ൽ 26,45,050/- രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു. തുക പൂർണ്ണമായും ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം7), തുകകൾ വകയിരുത്തി വിവിധ പ്രോജക്ടുകൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും വിവിധ കാരണങ്ങളാൽ നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ലായെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തുടർ വർഷങ്ങളിൽ ശബരിമല തീർത്ഥാടകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ശബരിമല ഗ്രാന്റ്- വിവിധ വകുപ്പുകൾക്ക് തുക നൽകുന്നത് ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിൽ നിന്നും റവന്യൂ, പോലീസ് വകുപ്പുകൾക്ക് വേണ്ടി ശബരിമല ഗ്രാന്റ്

വിനിയോഗിച്ചതായി കാണുന്നു.

| | | | |
|---|---|---|---|
| 1 | 5/18 ശബരിമല കൺട്രോൾ റൂം ഇന്ധനച്ചെലവ് | ചാർജ്ജ്ഓഫീസർ, വിജിലൻസ് സ്ക്വാഡ്,റവന്യൂ കൺട്രോൾ റൂം | 25746/- |
| 2 | 28/18 പോലീസ് എയിഡ് പോസ്റ്റ് വാടക, മറ്റ് ചെലവുകൾ | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, എരുമേലി | 124850/- |

ബന്ധപ്പെട്ട വകുപ്പുകൾ തന്നെ വഹിക്കേണ്ട പ്രസ്തുത ചെലവുകൾക്ക് ഗ്രാമപഞ്ചായത്ത് തുക ചെലവഴിക്കുവാൻ പ്രത്യേക നിർദ്ദേശങ്ങളെന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ഡിപിസി അംഗീകാരം ഉള്ളതിനാലും ബന്ധപ്പെട്ട വകുപ്പുകളുടെ റിക്വസ്റ്റ് പ്രകാരവുമാണ് തുക നൽകുന്നതെന്ന് സെക്രട്ടറി മറുപടി നൽകി. റവന്യൂ, കൺട്രോൾ റൂം, പോലീസ് എയ്ഡ് പോസ്റ്റ് എന്നിവയുടെ വാടക ബന്ധപ്പെട്ട വകുപ്പുകൾ തന്നെ വഹിക്കേണ്ടതാണ്. പ്രോജക്ട് നം. 36/18 പ്രകാരം എരുമേലി ടൗണിലും പരിസരത്തും ക്രമസമാധാന പാലനത്തിനായി പോലീസിന്റെ നിർദ്ദേശപ്രകാരം സിസിടിവി ക്യാമറകൾ സീസൺ സമയത്ത് താത്ക്കാലികാടിസ്ഥാനത്തിൽ സ്ഥാപിച്ചതിന്റെ വാടകയായി 2,89,000/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. ക്രമസമാധാനപാലനം ആഭ്യന്തരവകുപ്പിന്റെ ചുമതലയിൽപ്പെടുന്നതും ആയതിനുള്ള ചെലവുകൾ ആഭ്യന്തര വകുപ്പോ ദേവസ്വം ബോർഡോ നിർവ്വഹിക്കേണ്ടതിന് പകരം ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് ക്രമപ്രകാരമല്ല. ശബരിമല സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളിലോ സീസണോടനുബന്ധിച്ച് ജില്ലാ കളക്ടർ വിളിച്ച് ചേർത്ത അവലോകനയോഗങ്ങളിലോ ഗ്രാമപഞ്ചായത്തിനോട് മറ്റ് വകുപ്പുകൾക്കാവശ്യമുള്ള സജ്ജീകരണങ്ങൾ ചെയ്ത് കൊടുക്കുവാൻ ആവശ്യപ്പെട്ടിരുന്നില്ല. പ്രത്യേക അനുമതിയില്ലാതെ മറ്റ് വകുപ്പുകളുടെ ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് ശരിയായ നടപടിയല്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങളിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കി മാത്രം മറ്റ് വകുപ്പുകളുടെ ചെലവുകൾ നിർവ്വഹിക്കേണ്ടതാണ്.

3) വിവിധ കടവുകളിൽ ലൈറ്റ് ഫിറ്റിങ്ങ് -ഗ്രാമപഞ്ചായത്ത് നേരിട്ട് നടപ്പാക്കിയില്ല

ശബരിമല സീസണിൽ ഗ്രാമപഞ്ചായത്തിലെ വിവിധ കടവുകളിൽ (കണമല, ഓരുങ്കൽ, എയ്ഞ്ചൽ വാലി, അഴുത) 67 ദിവസത്തേയ്ക്ക് താത്ക്കാലിക ലൈറ്റ് ഫിറ്റിങ്ങ് സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഓരോ കടവിനും 24900/- രൂപ നിരക്കിൽ കരാറുകാരെക്കൊണ്ട് പ്രവൃത്തി നിർവ്വഹിച്ച് 24900x4=99600 രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം വിവിധ പ്രോജക്ടുകളിൽപ്പെടുത്തി തെരുവുവിളക്കുകൾ വാങ്ങുകയും രണ്ട് ഇലക്ട്രീഷ്യൻമാരെ നിയമിക്കുകയും അടാട്ട് മാതൃകയിൽ തെരുവുവിളക്ക് മെയിന്റനൻസ് നടത്തി വന്നിരുന്നതുമാണ്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സംവിധാനമുള്ളപ്പോൾ കരാറുകാർക്ക് പ്രവൃത്തി നൽകിയത് വഴി അധികച്ചെലവ് ഉണ്ടായതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, സ്ഥിരം ലൈറ്റ് ഫിറ്റിങ്ങുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും നടപ്പാക്കാൻ സാധിച്ചിരുന്നില്ലായെന്നും വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ഒഴിവാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ശബരിമല സീസൺ സമയത്തെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 കമ്പ്യൂട്ടർ /ലാപ്ടോപ്പ് വാങ്ങൽ -അധിക സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പ് വാങ്ങിയതിനാൽ അധികച്ചെലവ്

പ്രോജക്ട് നം. 404/18
പ്രോജക്ട് സെക്രട്ടറിയ്ക്കും പ്രസിഡന്റിനും ലാപ് ടോപ്പ് വാങ്ങൽ
അടങ്കൽ 1,50,000/-
ചെലവ് 1,47,000/-
സ്രോതസ്സ് തനത് ഫണ്ട്
നിർവ്വഹണം സെക്രട്ടറി

പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിയ്ക്കും ലാപ്ടോപ്പ് വാങ്ങുന്നതിനായി ഡാറ്റാലിങ്ക് കമ്പ്യൂട്ടേഴ്സ് എന്ന

സ്ഥാപനത്തിൽ നിന്നും 73,500/- രൂപ നിരക്കിൽ 2 ലാപ്ടോപ്പുകൾ വാങ്ങിയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കംപ്യൂട്ടർ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരം സാധാരണ ഓഫീസ് ഉപയോഗങ്ങൾക്ക് (സ്പ്രെഡ് ഷീറ്റ് പ്രോസസിംഗ്, ഇ-മെയിൽ, വെബ് ബ്രൗസിംഗ്, വെബ് അധിഷ്ഠിത ആപ്ലിക്കേഷൻസ്, ഇ-ഗവേണൻസ് ആപ്ലിക്കേഷൻസ്) ഇന്റൽ i3 7th generation or Higher പ്രോസസർ ഉപയോഗിച്ചുള്ള ലാപ്ടോപ്പുകൾ ഉപയോഗിച്ചാൽ മതിയാകും. ഹാർഡ് ഡിസ്ക് 500 ജി.ബി യോ മുകളിലുള്ളതോ ആകാം. ഈ സ്പെസിഫിക്കേഷനുള്ള ലാപ്ടോപ് മാർക്കറ്റിൽ വളരെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാണ്.

5-03-18 ലെ ടെണ്ടർ നോട്ടീസിൽ നല്കിയിരുന്ന സ്പെസിഫിക്കേഷനിൽ i3 7th generation ഉപയോഗിച്ചുള്ള ലാപ്ടോപ്പാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ 1 ടെറാബൈറ്റ് ഹാർഡ് ഡിസ്ക്, 4GB ഗ്രാഫിക്സ് കാർഡ്, i7 7th generation പ്രോസസർ എന്നിവ സഹിതമാണ് ക്വാട്ട് ചെയ്തിരുന്നത്. ഐ.റ്റി മിഷൻ നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷനിൽ 4GB ഗ്രാഫിക്സ് കാർഡ്, i7 7th generation പ്രോസസർ എന്നിവ നിർദ്ദേശിച്ചിട്ടില്ലാത്തതും ഗ്രാമപഞ്ചായത്തിന് ആവശ്യമില്ലാത്തതുമാണ്. ഗ്രാമപഞ്ചായത്തിന് ആവശ്യമുള്ള സ്പെസിഫിക്കേഷനിലിലുള്ള ലാപ്ടോപ്പുകൾ വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാണെന്നിരിക്കെ ഗ്രാഫിക്സ് കാർഡ് ഉൾപ്പടെയുള്ള സൗകര്യങ്ങളും അധിക വില വർദ്ധനവുമുള്ള ലാപ് ടോപ്പുകൾ വാങ്ങുകയും ചെയ്തതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം6) മാറിയ സാഹചര്യത്തിൽ കൂടുതൽ സാങ്കേതികവിദ്യയുള്ള ലാപ്ടോപ്പുകൾ വാങ്ങുക എന്ന ഉദ്ദേശ്യത്തിലാണ് വാങ്ങൽ നടത്തിയതെന്ന് സെക്രട്ടറി മറുപടി നൽകി. ഗ്രാഫിക്സ് കാർഡ് ഉൾപ്പടെയുള്ള അധിക സൗകര്യങ്ങൾ ഉൾപ്പെടുത്തി വാങ്ങൽ നടത്തിയ നടപടി പഞ്ചായത്ത് ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കേണ്ടതുണ്ട്. ഈ വിഷയത്തിലേക്ക് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധക്ഷണിക്കുന്നു.

## 3-4 തെരുവുവിളക്ക് റിപ്പയറിങ്ങ് - ഇലക്ട്രീഷ്യന് അധികവേതനം നൽകി

പ്രോജക്റ്റ് നം. 34/17-18
പ്രോജക്റ്റ് ശബരിമല സീസൺ - തെരുവ് വിളക്കുകൾ വാങ്ങലും റിപ്പയറിംഗും
അടങ്കൽ 9,80,000/-
ചെലവ് 8,73,958/-
നിർവ്വഹണം സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ ശബരിമല സീസണോടനുബന്ധിച്ച് തെരുവുവിളക്കുകൾ റിപ്പയറിങ്ങിനായി ശ്രീ.എൻ.എ. ബഷീർ, നെല്ലിന്താനത്ത് എന്നയാൾക്ക് 750/- രൂപ ദിവസവേതനാടിസ്ഥാനത്തിൽ നൽകിയിരുന്നു. അഡാട്ട് മാതൃകയിൽ തെരുവുവിളക്കുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ 17-8-2015 ലെ ഉത്തരവ് നം.ജി2-44274/2015 പ്രകാരം ദിവസവേതനത്തിൽ നിയമിക്കുന്ന ഇലക്ട്രീഷ്യന് നൽകാവുന്ന ദിവസവേതനം 700/- രൂപയാണ്. അധികനിരക്കിൽ തുക നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം5), അധികമായി നൽകിയ തുക ടിയാളുടെ 3/2019 ലെ ശമ്പളത്തിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്താമെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 10/17 ലെ ശമ്പളം | 14x750=10500 | 14x700=9800 | 700 | ചെക്ക് നം 3525607/8-11-17 |
| 11/17 ലെ ശമ്പളം | 25x750=18750 | 25x700=17500 | 1250 | ചെക്ക് നം 3525614/15-12-17 |
| 12/17 ലെ ശമ്പളം | 25x750=18750 | 25x700=17500 | 1250 | ചെക്ക് നം 3525620/15-01-18 |

അധികമായി നൽകിയ 3200/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 സെയ്ദാലി റോഡിന് സംരക്ഷണഭിത്തി നിർമ്മാണം-പ്രവൃത്തി ഗുണനിലവാരം പുലർത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം /പേര് | 382/2018,സെയ്ദാലി റോഡിന് സംരക്ഷണഭിത്തി നിർമ്മാണം |
| കൺവീനർ | പി.പി മത്തായി,പ്ലാക്കൂട്ടത്തിൽ |
| അടങ്കൽ | 1,30,000/- തനത് ഫണ്ട് |
| ചെലവ് | 42070/-/-(ഐ.റ്റി 841/-, വെൽഫയർഫണ്ട്421/-, കൺവീനർ 40808/-) |
| കരാർനമ്പർ | 171/AE/LSGD/EGP/Dt.04-03-2016 |
| ചെക്ക് നം/തീയതി | 24112/27-03-2018 |

2014-15 ൽ ആസൂത്രണം ചെയ്ത പ്രോജക്ടിൽ 04/03/2016 ൽ കരാർ വച്ചെങ്കിലും പണി ആരംഭിച്ചത് 03/2017 ൽ മാത്രമാണ്. 4/2017 ൽ കല്ല് കെട്ട് പൂർത്തീകരിച്ച പ്രവൃത്തിയുടെ മുകൾ കോൺക്രീറ്റ് ലവൽ കോഴ്സ് ഇട്ടത് 2/2018 നാണ്. 29-03-2018 ൽ 561802 നമ്പർ ഡി.ഡി പ്രകാരം കൺവീനർക്ക് 40808/- രൂപ നല്കിയിട്ടുണ്ട്. 2014-15 ൽ മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റ് 2017-18 വരെ നീണ്ടുപോകുകയും 2017-18 ൽ തനത് ഫണ്ട് വകയിരുത്തി തുക നല്കുകയും ചെയ്തു. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കൺവീനർക്ക് എതിരെ നടപടി എടുക്കാതെ അനിശ്ചിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയതിന് വിശദീകരണം നൽകേണ്ടതാണ്.

പ്രവൃത്തി സ്ഥലം 12-03-2019 ൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പരിശോധിച്ചു. 03/2018 ൽ ഫൈനൽബിൽ തയ്യാറാക്കി തുക നല്കിയ സംരക്ഷണഭിത്തി നിലവിൽ ഏകദേശം 4 മീറ്ററോളം നീളത്തിൽ തകർന്ന നിലയിലാണ്. തകർന്ന ഭാഗങ്ങൾ സംരക്ഷണഭിത്തിയോട് ചേർന്ന വീട്ടിലെ താമസക്കാർക്ക് തടസ്സമായി കിടക്കുന്നു. പ്രസ്തുത റോഡിൽ വാഹന ഗതാഗതം തടസ്സപ്പെട്ട അവസ്ഥയിലാണ്.നിലവിലുള്ള



കൽക്കെട്ടും തകർന്ന് വീഴാറുന്ന അവസ്ഥയിലും സമീപത്തുള്ള വീട്ടുകാർക്ക് അപകടകരമായും നിലനില്ക്കുന്നു. ഫൈനൽബിൽ നല്കി 6 മാസത്തിനകം കെട്ട് തകർന്നത് പ്രവൃത്തി ഗുണനിലവാരമില്ലാതെ ചെയ്തതിനാലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതയിന്മേൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/13.3.19) എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ പര്യാപ്തമായ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല എന്നും കൺവീനറുടെ സാമ്പത്തികമായ അവസ്ഥകൂടി പരിഗണിച്ച് ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കുകയായിരുന്നു എന്നും മറുപടി നല്കിയിട്ടുണ്ട്. നിലവിൽ നിർമ്മാണത്തിൽ അപാകത ഉണ്ടായിരുന്നതായി അന്നത്തെ എഞ്ചിനീയറുടെ മറുപടിയിൽ വ്യക്തമാണ്. പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ഇടപെട്ട് അപകടാവസ്ഥ ഒഴിവാക്കേണ്ടതും നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകളിൽ അന്വേഷണം നടത്തേണ്ടതുമാണ്. ഫലപ്രദമാകാത്ത പദ്ധതിക്ക് വേണ്ടിയുള്ള 42,070/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർമ്മാണത്തിലെ അപാകത പരിഹരിച്ചും, ഭരണസമിതിയുടെ അന്വേഷണ റിപ്പോർട്ട് ഹാജരാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 കോയിക്കക്കാവ് കുടിവെള്ള പദ്ധതി-ഭാഗിക പ്രവൃത്തികൾ ഏറ്റെടുക്കുന്നു

കോയിക്കക്കാവ് കുടിവെള്ള പദ്ധതിക്കായി 2017-18 ൽ 343/2018 നമ്പരായി 2,50,000/- രൂപയുടെ പ്രോജക്ടും (സ്പിൽ ഓവർ) 261/2018 നമ്പരായി 3,00,000/- രൂപയുടെ പ്രോജക്ടും ആസൂത്രണം ചെയ്യുകയും ഇവയ്ക്ക് യഥാക്രമം 2,45,397/- (ബിൽ നം.34/17-18 തീയതി 1-2-2018) രൂപയും 2,31,466/- രൂപയും (ബിൽ നം 105/17-18 തീയതി 28-3-2018) 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.



- വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ രൂപരേഖ സംബന്ധിച്ച വിശദാംശങ്ങളില്ലാതെയാണ് പണച്ചെലവ് നടത്തുന്നത്. 2017-18 ലെ 2 പ്രോജക്ടുകളും ടാങ്ക് നിർമ്മാണത്തിന് മാത്രമുള്ളതാണ്. കുടിവെള്ള സ്രോതസ്, പമ്പിംഗ്, വിതരണ ലൈനുകൾ, പമ്പ് ഹൗസ്, മോട്ടോർ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഇല്ല.
- ടാങ്ക് പൂർത്തീകരണത്തിന് വേണ്ടി 2017-18 വർഷം ആസൂത്രണം ചെയ്ത പ്രോജക്ട് ഭാഗികമായി ചെയ്ത് നിർത്തിയ അവസ്ഥയിലാണ്. ഫോം വർക്കിലെ അപാകതമൂലം ടാങ്ക് നിർമ്മാണത്തിൽ അപാകതകളുള്ളതായി കാണുന്നു. ടാങ്ക് ഭിത്തികളിൽ സ്വീകാര്യമല്ലാത്ത ഉയർച്ച താഴ്ചകൾ രൂപപ്പെട്ടും (undulations) ചോർച്ച ഉണ്ടാകുന്ന അവസ്ഥയിലുമാണ്. നിർമ്മാണ പരാജയത്തിന് മേൽനോട്ട ചുമതലയുള്ള എഞ്ചിനീയറിംഗ് വിഭാഗം വിശദീകരണം നൽകേണ്ടതാണ്.
- ടാങ്ക് നിർമ്മാണത്തിന് പഞ്ചായത്തിന് ലഭിച്ച സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.
- ഭാഗികമായി നാമമാത്ര തുക വകയിരുത്തി കുടിവെള്ള പദ്ധതി പോലുള്ള വൻ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പൊതുജനത്തിന് ഗുണഫലം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.
- വിവിധ പ്രോജക്ടുകളായി നടപ്പിലാക്കുന്നതിനാൽ പ്രവൃത്തിയിൽ ഒരേ ഇനം തന്നെ വിവിധ പ്രോജക്ടുകളിൽ ആവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല.
- കുടിവെള്ള പദ്ധതികളിൽ പരമാവധി ഗുണഭോക്തൃവിഹിതം ഉൾക്കൊള്ളിക്കാൻ ശ്രമിക്കണമെന്ന മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല.
- 26-3-2017 ൽ കരാർ വച്ച 343/18 നമ്പർ പ്രോജക്ട് പൂർത്തിയാക്കിയത് 12-1-2018 ൽ മാത്രമാണ്. എന്നാൽ കാലതാമസം വരുത്തിയ കൺവീനർക്കെതിരേ നിയമാനുസൃതനടപടികൾ സ്വീകരിച്ചില്ല.

പ്രോജക്ട് നമ്പർ 343/18 ആയി കൺവീനർ വർഗ്ഗീസ് കിഴക്കേതിൽ എന്നയാൾ ചെയ്ത ആദ്യപ്രോജക്ടിൽ ഡി.എസ്.ആർ 2014 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും 7.5% ഓവർഹെഡ്ചാർജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. 23-1-2018ൽ ബില്ല് തയ്യാറാക്കിയ പ്രവൃത്തിക്ക് ജി.എസ്.റ്റി ഈടാക്കേണ്ടതില്ലാത്തതിനാൽ ഈ ഇനത്തിൽ വകയിരുത്തിയ 5% തുക (വേലമൂല്യമായ 245397ന്റെ) 12,270/- രൂപ ബില്ലിൽ കുറവ് ചെയ്യേണ്ടതായിരുന്നു. ഇതു ചെയ്യാത്തതിനാൽ 12,270/- രൂപ കൺവീനർക്ക് അധികം നല്കിയിട്ടുള്ളതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് (നം.9/12.3.19) സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള മറുപടിയാണ് നല്കിയിരിക്കുന്നത്. 12-1-18-ൽ ടാങ്ക് നിർമ്മാണം നടത്തിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബിൽ നല്കിയിട്ടില്ല. നിലവിൽ പ്രവൃത്തി നടക്കുന്നില്ല. നിലവിൽ ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള പദ്ധതിക്ക് 17-18-ൽ ചെലവഴിച്ച 4,76,863/- രൂപയിൽ നിരാകരിച്ച 12,270/- രൂപ കിഴിച്ച് 4,64,593/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്. കൺവീനർക്ക് അധികം നല്കിയ 12,270/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃ സമിതി മുഖേന നിർമ്മാണം നടത്തിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ് ഇനത്തിൽ അധികതുക നല്കി

| | |
|---|---|
| പ്രോജക്ട് നം. &പേര് | 283/17-18<br>എ.പി.ജെ അബ്ദുൾകലാം റോഡ് പാർശ്വഭിത്തി നിർമ്മാണം |
| കൺവീനർ | ലക്ഷ്മി വി.കെ |
| അടങ്കൽ | 200000/- തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | 169888/-(വാറ്റ് 8494,ഐ.റ്റി 3398/-,വെൽഫയർഫണ്ട്1699 /-,കൺവീനർ 156297/-) |
| ചെക്ക് നമ്പർ | 50463/31-1-2018 |

ഗുണഭോക്തൃസമിതി മുഖേന നിർമ്മാണം നടത്തിയ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് MoRD-2014 സ്പെസിഫിക്കേഷൻ പ്രകാരം കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ്ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-12-2016 ലെ Ind&pw-B2/266/ 2016-Fin കത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11-5-17 ലെ ഡിബി3/6512(B)/13/CE/തസ്വഭവ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ബിൽ തുകയിൽ നിന്നും ഓവർഹെഡ്ചാർജ് ഇനത്തിൽ അധികമായി വകയിരുത്തിയ 2.5% തുക കുറവുചെയ്യാതെ കൺവീനർക്ക് നൽകി.

| | |
|---|---|
| 10% ഓവർഹെഡ് ചാർജ് സഹിതം നല്കിയ തുക | 1,69,888/- |
| കുറവു ചെയ്യേണ്ടിയിരുന്ന തുക 2.5%(169888x1.075/1.10) | 1,66,027/- |
| അധികം നല്കിയത് | 3,861/- |

ഇപ്രകാരം 3861/-രൂപ കൺവീനർമാർക്ക് അധികമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/17-18 തീയതി 12.3.19) ക്ലറിക്കൽ വർക്കുകളിൽ ഉണ്ടായ അപാകതയാണെന്നും തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## **3-8** വാറ്റ് ഇനത്തിൽ വകയിരുത്തിയ തുക കൺവീനർക്ക് നൽകിയത് ക്രമപ്രകാരമല്ല.

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കുള്ള നികുതി വിഹിതം ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കരാറുകാരന് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. 7.5% ഓവർഹെഡ് ചാർജ് ആയി വകയിരുത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ വാറ്റ് ഒഴിവാക്കിയതിനാൽ 3% ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ (ഐ.റ്റി 2%, വെൽഫയർഫണ്ട് 1%). ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും വാറ്റ് ഇനത്തിൽ വകയിരുത്തിയ 5% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. സർക്കുലർ നം. ഡി.ബി3-9058/1/ സി.ഇ/എൽ.എസ്.ജി.ഡി തീയതി 16/3/2018 ൽ ഇത് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇത് ചെയ്യാതിരുന്നതു മൂലം വേലമൂല്യത്തിന്റെ 5% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രോജക്ട്<br>പ്രോജക്ട് നമ്പർ<br>കൺവീനർ<br>അടങ്കൽ<br>ആകെ വേലമൂല്യം<br>കൺവീനർക്ക് നല്കിയ തുക എന്നീ ക്രമത്തിൽ | വാറ്റ് ഇനത്തിൽ<br>വകയിരുത്തി കൺവീനർക്ക്<br>അധികം നല്കിയതുക<br>(വേലമൂല്യത്തിന്റെ 5%) |
|---|---|---|
| 1 | ഗവ.ട്രൈബൽ<br>എൽ.പി.എസ് തുമരംപാറ മെയിന്റനൻസ് | 9976/- |

| | | |
|---|---|---|
| | 277/2018<br>ബീന എ.കെ<br>200000/- തനത് ഫണ്ട്<br>199524/-<br>193539/-(ഡി.ഡി നമ്പർ 561800 തീ29-3-2018) | |
| 2 | ഗ്രാമഹാൾ മെയിന്റനൻസ്<br>280/2018<br>സന്ധ്യാമ്മ<br>200000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>176931/-<br>171622/-(ബിൽനം 106,31-3-2018) | 8846/- |
| 3 | 76-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്<br>295/2018<br>അന്നമ്മ എ.എം<br>150000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>149530/-(ബിൽ നം120,31-3-2018) | 7477/- |
| 4 | മൂലക്കയം അങ്കണവാടി മെയിന്റനൻസ്<br>286/2018<br>പി.എ എബ്രഹാം<br>200000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>170082/-(ബിൽ നം.46,22-02-2018) | 8504/- |
| 5 | 74-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്<br>273/2018<br>നിയാസ്<br>200000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>129234/-(ബിൽ നം.119,28-03-2018) | 6462/- |

| | | |
|---|---|---|
| 6 | DAM UPSറോഡ് കലുങ്ക് വീതി കൂട്ടൽ<br>383/2018<br>രാജൻകുട്ടി<br>100000/-(തനത് ഫണ്ട്)<br>78371/-(ചെക്ക് നം.24134തീ 31-3-2018) | 3919/- |
| 7 | വിവിധ സ്ഥലങ്ങളിൽ പാലത്തിന്<br>കൈവരി,294/2018<br>പി.പി വിജയൻ<br>60000/-(MGR)<br>40197/-(ബിൽ നം39/17-18) | 2009/- |
| 8 | കീരിക്കോട് വാക്കയിൽ പടി റോഡ് സംരക്ഷണ<br>ഭിത്തി 364/2018<br>ജോസഫ് ജോർജ്<br>250000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>238671/-വേലമൂല്യം<br>231511/-കൺവീനർക്ക് നല്കിയത് | 11933/- |
| 9 | 35മൈൽ കെഒറ്റി റോഡ് പുനരുദ്ധാരണം<br>187/2018<br>ഷാജി ഇമ്മാനുവേൽ<br>49000/-(സിഎഫ് സി ഗ്രാന്റ്)<br>43405/-വേലമൂല്യം(ബിൽ നം21/17-18) | 2170 |
| 10 | പ്രിയങ്ക-സെന്റ് തോമസ് സ്കൂൾ റോഡ് കോൺക്രീറ്റിംഗ്<br>105/2018<br>റെജി ജേക്കബ്<br>25000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>24984/-വേലമൂല്യം<br>24234/-കൺവീനർക്ക് നല്കിയത്(ബിൽ നം45/17-18) | 1249 |
| 11 | പാക്കാനം ഇഞ്ചക്കുഴി റോഡ്<br>275/2018<br>കെ എൻ രാജേന്ദ്രൻ<br>151140/-വേലമൂല്യം<br>146606/-കൺവീനർക്ക് നല്കിയത് (ബിൽ<br>നം24/6-1-18) | 7557 |
| 12 | പാക്കാനം ഇഞ്ചക്കുഴി റോഡ്<br>274/2018<br>വി എൻ കൃഷ്ണൻകുട്ടി | 6095 |

| | | |
|---|---|---|
| | 121897/-വേലമൂല്യം<br>118240/-കൺവീനർക്ക് നല്കിയത്(ബിൽ നം25/5-11-17) | |
| 13 | ഒഴക്കനാട്ട് വെട്ടിക്കാട്ട് പടി റോഡ് റീ ടാറിങ്ങ്<br>307/2018<br>ബിന്ദു സുരേഷ്<br>323760/-വേലമൂല്യം<br>314047/-കൺവീനർക്ക് നല്കിയത്(ബിൽ നം40/30-1-2018) | 16188 |
| | ആകെ | 92385/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അധികം നൽകിയ 92,385/- രൂപ ഈടാക്കി അടയ്ക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്, തുക ഈടാക്കി നിയമാനുസൃതമുള്ള അക്കൗണ്ട് ഹെഡുകളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 പഞ്ചായത്ത് ലൈബ്രറിക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെ മറ്റ് ലൈബ്രറികളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്തു

ജി.ഒ (എം.എസ്)72/2017 തസ്വഭവ തീ 29-3-2017 ക്ര.നം 12-9-10 പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എല്ലാ ലൈബ്രറികളുടെയും വികസന പ്രവർത്തനങ്ങൾക്ക് ശേഷം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടം, ഫർണിച്ചർ തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ പരിഗണിക്കാവുന്നതാണെന്ന് കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുട്ടപ്പള്ളി പബ്ലിക് ലൈബ്രറിയുടെ അറ്റകുറ്റപ്പണികൾ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 2,00,000/- രൂപ വകയിരുത്തി ഏറ്റെടുക്കുകയും 1,24,518/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (പ്രോ.നം301/18).

ഇതേ സമയം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ലൈബ്രറി ഷോപ്പിംഗ് കോംപ്ലക്സിലെ ഇടുങ്ങിയ മുറിയിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെ അവഗണനയിലാണ്. ബുക്കുകൾ വയ്ക്കുന്നതിനുള്ള അലമാര സ്ഥാപിക്കാത്തതിനാൽ പുസ്തകങ്ങൾ പായ്ക്ക് ചെയ്ത് സൂക്ഷിച്ചിരിക്കുന്നു. പുതുതായി ലഭിക്കുന്ന പുസ്തകങ്ങൾ സ്ഥലപരിമിതി മൂലം ഏറ്റെടുക്കാൻ കഴിയുന്നില്ല എന്ന് ലൈബ്രേറിയൻ അറിയിച്ചു. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ലൈബ്രറി അടിസ്ഥാന സൗകര്യങ്ങളില്ലാതെ നിർജീവാവസ്ഥയിൽ ഉള്ളപ്പോൾ മറ്റ് ലൈബ്രറികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രോജക്ടുകൾ ഏറ്റെടുത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/17-18/12.3.19) മറുപടി നല്കിയിട്ടില്ല. വിഷയം ഭരണസമിതി ശ്രദ്ധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 കവുങ്ങുംകുഴി പ്ലാന്റിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ- അധികനിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | കവുങ്ങുംകുഴി പ്ലാന്റിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ , 249/18 |
| അടങ്കൽ | 480000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ജോർജ് ജോസഫ് |
| കരാർ നമ്പർ | 05/എ.ഇ/എൽ.എസ്.ജി.ഡി/ഇ.ജി.പി/22/9/2017 |
| അളവുപുസ്തകം | 22/17-18 |
| ചെലവ് വിവരം | 479442/-(ഐ.റ്റി 4799/-,തൊഴിലാളി ക്ഷേമനിധി 4799/-,കരാറുകാരന് 469844/-) |

| ബിൽ നമ്പർ/തീയതി | 27/17-18 തീ 5-1-2018 |
|---|---|

കവുങ്ങുംകുഴി പ്ലാന്റിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് തയ്യാറാക്കിയതാണ് ഈ പ്രോജക്റ്റ്. പ്ലാന്റിൽ നിന്നും 20 കി.മീ അകലെ മാലിന്യം സംസ്കരിക്കാൻ ഡി.എസ്.ആർ 2016 കോസ്റ്റ് ഇൻഡക്സ് 50.98% പ്രകാരം തയ്യാറാക്കിയ നിരക്കനുസരിച്ച് ഘനമീറ്ററിന് 404.20 രൂപയായിരുന്നു. എന്നാൽ 20 കി.മീ അകലെ സംസ്കരിക്കാൻ തടസ്സം നേരിട്ടതിനാൽ 30-10-2017 ലെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 7 കി.മീറ്ററിനുള്ളിലുള്ള മറ്റൊരു സ്ഥലം തെരഞ്ഞെടുക്കുകയും ആയതിനനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഘനമീറ്ററിന് 406.41 രൂപ നിരക്ക് നിർണ്ണയിക്കുകയും ചെയ്തു. മാലിന്യം നീക്കം ചെയ്യുന്ന ദൂരം 13 കി.മീ കുറഞ്ഞിട്ടും പുതുക്കിയ നിരക്കിൽ ഘനമീറ്ററിന് 2.20 രൂപ വർദ്ധനവ് ഉണ്ടാകുകയാണ് ചെയ്തത്.

നിരക്ക് തയ്യാറാക്കിയത് വിശദമായി പരിശോധിച്ചതിൽ ടെണ്ടർ ചെയ്ത നിരക്ക് ഡി.എസ്.ആർ പ്രകാരവും റിവൈസ് ചെയ്ത നിരക്ക് മാർക്കറ്റ് നിരക്കിലുമാണ് എന്ന് കാണുന്നു. ഡി.എസ്.ആർ പ്രകാരം നിരക്ക് നിർണ്ണയിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് മാത്രമാണ് മാർക്കറ്റ് നിരക്കിൽ ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കാൻ അനുമതിയുള്ളത്. മാലിന്യസംസ്കരണത്തിന് 7കി.മീ ദൂരത്തിൽ 7.36ഘനമീറ്റർ മാലിന്യം എത്തിക്കുന്നതിന് തയ്യാറാക്കിയ ഡാറ്റാ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| 7കി.മീ കൺവേയൻസ് | 7.36ഘ.മീ | 258.83 | 1904.99 |
| സ്പെഷ്യൽ മേസൻ | 7.36ഘ.മീ | 91.07 | 670.28 |
| ആകെ | | | 2575.27 |
| 1ഘ.മീ നിരക്ക് | | | 349.90 |
| വാട്ടർ ചാർജ് 1% | | | 3.49 |
| സി.പി.ഒ എച്ച് 15% | | | 53.00 |
| ആകെ | | | 406.40 |

ഡി.എസ്.ആർ നിരക്ക് പ്രകാരം 5 കി.മീ ദൂരത്തിൽ മാലിന്യം എത്തിക്കുന്നതിന് നല്കാവുന്ന നിരക്ക് 129.71 തുടർന്ന് 10 കി മീ വരെ കിലോമീറ്ററിന് 9.43രൂപയും അനുവദിക്കാവുന്നതാണ്(ഡി.എസ്.ആർ 2016, 1.1.3) ഇതു പ്രകാരം മാലിന്യസംസ്കരണത്തിന് 7കി.മീ ദൂരത്തിൽ 7.36ഘനമീറ്റർ മാലിന്യം എത്തിക്കുന്നതിന് അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| 7കി.മീ കൺവേയൻസ്<br>(സി.പി,ഒ എച്ച് 15% ഉൾപ്പെടെ) | 7.36ഘ.മീ | ആദ്യ 5കി.മീ 129.71<br>തുടർന്ന് 2കി.മീ 9.43x2<br>ആകെ | 954.66<br>138.80<br>1093.46 |
| സ്പെഷ്യൽ മേസൻ | 7.36ഘ.മീ | 91.07 | 670.28 |
| ആകെ | | | 1763.74 |
| 1ഘ.മീ നിരക്ക് | | | 239.63 |
| വാട്ടർ ചാർജ് 1% | | | 2.39 |
| സി.പി,ഒ എച്ച് 15%<br>(സ്പെഷ്യൽ മേസൻ മാത്രം) | | | 13.66 |
| ആകെ | | | 255.68 |
| കോസ്റ്റ് ഇൻഡക്സ് 44.12% | | | 368.48 |

അളവുപുസ്തകം പേജ് നം.5 പ്രകാരം 1180.93 ഘ.മീ മാലിന്യ നീക്കം നടന്നിട്ടുണ്ട്.ഇതിന് 406.41 രൂപ/ഘ.മീ പ്രകാരം 479942/- രൂപ നല്കിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഇതിന് 368.48 രൂപ പ്രകാരം 4,35,149/- രൂപയാണ് നല്കാവുന്നത്. അധികം നല്കിയ 44,793/- രൂപയുടെ ചെലവിന് വിശദീകരണം

നൽകേണ്ടതാണ്. കൂടാതെ ഡാറ്റാ പ്രകാരം അനുവദനീയമായ തുകയിൽ കയറ്റിറക്ക് കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ അലങ്കാരപണികളും പ്ലാസ്റ്റർ ഓഫ് പാരീസ് പ്രവ്യത്തികളും ചെയ്യുന്ന ഒന്നാം ക്ലാസ് മേസന്റെ നിരക്ക് മാലിന്യ നിർമാർജ്ജന പ്രവൃത്തിയിൽ അനുവദിച്ചതിനും വിശദീകരണം നൽകേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.10/12.3.19) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ 44,793/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കയറ്റിറക്കിന് പ്രത്യേകം ഒന്നാം ക്ലാസ് മേസന്റെ നിരക്ക് അനുവദിച്ചതിലുള്ള വിശദീകരണം ലഭ്യമാക്കുന്നതു വരെ നിരാകരിച്ച തുക ഒഴികെയുള്ള തുക 4,34,649/- (ആകെ ചെലവായ 479442 - 44793 = 434649) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 തോട് ക്ലീനിംഗ് -നിർണ്ണയിച്ച നിരക്ക് വസ്തുതാപരമല്ല.

എരുമേലി ഗ്രാമപഞ്ചായത്തിൽ ശബരിമല സീസണ് മുൻപും ശേഷവും ക്ഷേത്രത്തിന് മുൻപിലുള്ളതും തീർത്ഥാടകർ കുളിക്കാൻ ഉപയോഗിക്കുന്നതുമായ തോട് വൃത്തിയാക്കുന്നതിന് ശബരിമല ഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കാറുണ്ട്. 2017-18 വർഷം 121/18, 122/18 പ്രോജക്ടുകളിലായി 7,00,000/- അടങ്കലിൽ ഈ ആവശ്യത്തിന് പ്രോജക്ട് തയ്യാറാക്കുകയും യഥാക്രമം 2,98,082/- രൂപയും (ഡി.ഡി.നം.561714 തീയതി 16.3.18), 3,95,616/- രൂപയും (ഡി.ഡി.നം.3724526 തീയതി 26.3.18) ഉൾപ്പെടെ ആകെ 6,93,698/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാർ മുഖേനയാണ് നടപ്പാക്കുന്നത്. അളവു പുസ്തകത്തിൽ രേഖപ്പെടുത്തുന്ന പ്രവൃത്തിയുടെ മൂല്യം കണക്കാക്കി തുക നല്കുന്നു. പ്രോജക്ടുകൾ പരിശോധിച്ചതിൽ സീസണ് മുൻപ് 13600ച.മീ പ്രവൃത്തിയും സീസൺ കഴിഞ്ഞ് 18049.98 ച.മീ പ്രവൃത്തിയും ചെയ്തതിന് ച.മീ ന് 21.92 രൂപ പ്രകാരം തുക കരാറുകാരന് നല്കുകയും ചെയ്തിട്ടുണ്ട്. (സീസണ് മുൻപ് ചെയ്ത പ്രവൃത്തിയുടെ കരാറുകാരനായ പി.എം ഹരിദാസിന് 292122/- രൂപയും സീസൺ കഴിഞ്ഞ് ചെയ്ത പ്രവൃത്തിയുടെ കരാറുകാരനായ കെ.എം ഷാനവാസിന് 387704/- രൂപയും നല്കിയിട്ടുണ്ട്).

ശബരിമല സീസണോടനുബന്ധിച്ച് തോട്ടിലടിയുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തയ്യാറാക്കിയ ഡാറ്റാ പരിശോധിച്ചതിൽ, സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 2.28.1 പ്രകാരം റോഡ് പ്രവൃത്തികൾക്ക് മുന്നോടിയായി നടത്തുന്ന സർഫസ് ഡ്രസിംഗ് ഡാറ്റാ പരിഷ്കരിച്ച് തയ്യാറാക്കിയ ഓബ്സേർഡ് ഡാറ്റാ പ്രകാരമാണ് തുക നല്കിയിട്ടുള്ളത് എന്ന് കാണുന്നു.. 2.28.1സർഫസ് ഡ്രസിംഗ് ഡാറ്റാ അനുസരിച്ച് 15 സെ.മീ വരെ മണ്ണിളക്കി കാടും മാലിന്യങ്ങളും നീക്കം ചെയ്യണം. എന്നാൽ എല്ലാ വർഷവും പ്രോജക്ട് തയ്യാറാക്കി ക്ലീൻ ചെയ്യുന്ന തോട്ടിൽ മണ്ണ് ഇളക്കി സർഫസ് ഡ്രസിംഗ് നടത്തേണ്ട ആവശ്യം വരുന്നില്ല. യഥാർത്ഥത്തിൽ ചെയ്യുന്ന പ്രവൃത്തിക്കല്ല നിരക്ക് നിർണ്ണയിച്ചിരിക്കുന്നത് എന്നതിനാൽ 2016-17 വർഷം ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ ഏൽപിച്ചപ്പോൾ 38.9% ടെണ്ടർ കുറവിലും 2018-19-ൽ ഇത് 30% കുറവിലുമാണ് പോയിട്ടുള്ളത്. ഇതിൽ നിന്നും തയ്യാറാക്കിയിരിക്കുന്ന ഡാറ്റാ യാഥാർത്ഥ്യ ബോധത്തോടെയുള്ളതല്ല എന്ന് കണക്കാക്കേണ്ടിയിരിക്കുന്നു. ഇതേ തോടിന്റെ വിവിധ ഭാഗങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ക്ലീൻ ചെയ്യുമ്പോൾ ഈ ഭാഗം മാത്രം തൊഴിലുറപ്പ് പദ്ധതിൽ ഉൾപെടുത്താതെ കരാറുകാരെ കൊണ്ട് ചെയ്യിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഡി.എൽ.ആർ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് കൂലി നല്കി ചെയ്യിക്കേണ്ട പ്രവൃത്തിക്ക് അനുയോജ്യമല്ലാത്ത ഡാറ്റായുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ തുക നല്കിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/12.3.19) നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ഈ സ്പെസിഫിക്കേഷനിൽ സംശയം രേഖപ്പെടുത്തിയിരുന്നെന്നും, സാങ്കേതിക അനുമതി ലഭിച്ചതിനാലും മുൻ വർഷങ്ങളിൽ ഓഡിറ്റ് ഒബ്ജക്ഷൻ ഇല്ലാതിരുന്നതിനാലുമാണ് നിർവ്വഹണം നടത്തിയത് എന്നും നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ഇതിൽ നിന്നും യഥാർത്ഥ പ്രവൃത്തിയും എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനും പൊരുത്തപ്പെടുന്നില്ല എന്ന് വ്യക്തമാണ്.

വിഷയം സാങ്കേതിക വിദഗ്ധർ അന്വേഷിക്കേണ്ടതും യഥാർത്ഥത്തിൽ ചെയ്യുന്ന പ്രവൃത്തിക്കുള്ള ഡാറ്റാ തയ്യാറാക്കി പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടന്നിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 6,93,698/- രൂപയുടെ

ചെലവ് തടസ്സപ്പെടുത്തുന്നു. മൂല്യനിർണ്ണയം നടത്തി അധികതുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 റോഡ് ടാറിങ്ങ് പ്രവൃത്തികൾ–-ബാരൽ വില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ വില (238+18%GST) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം പഞ്ചായത്ത് വിവിധ വർക്കുകളിലെ കരാറുകാർക്ക് അധികം തുക നൽകുവാൻ ഇടയാവുകയും തൻമൂലം സർക്കാർ ഫണ്ട് അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം & പേര് | ഉപയോഗിച്ച ബിറ്റുമിൻ (in Kg) | | | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 238/- + GST18% |
|---|---|---|---|---|---|---|
| | | SS1 | RS1 | S65 | | |
| 1 | 278/18 ഉറുമ്പിൽപടി റോഡ്ടാറിംഗ് (കൺവീനർ-റെജി ജോസഫ്) | | 209.25 | 1962.30 | 13ബാരൽ | 3094/- + 557 |
| 2 | 307/18 ഒഴുക്കനാട്ട് വെട്ടിക്കാട്ടുപടി റോഡ് റീടാറിങ്ങ് (കൺവീനർ-ബിന്ദു സന്തോഷ്) | | 198.05 | 1857.359 | 13 ബാരൽ | 3094/- + 557 |
| | ആകെ ബാരൽ വില | | | | | 6188 +1114 = 7302 |

ബാരൽ വില കുറവ് ചെയ്യാതിരുന്നതുമൂലം അധികം നൽകിയ തുക Rs.7,302/- രൂപ കൺവീനർമാരിൽ നിന്നോ ബിൽ തുക നൽകിയ അസിസ്റ്റന്റ്എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി അതാത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-13 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങാൻ ധനസഹായം അനുവദിക്കൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. ചേനപ്പാടി |
| പ്രോജക്ട് നം. | 82/18 |
| ചെലവ് | 8,75,000രൂപ(വികസന ഫണ്ട് - പൊതുവിഭാഗം) |

| | |
|---|---|
| | (ബിൽ രജിസ്റ്ററിലെ നം.1579-1581, 1589/28.03.18 ) |

കുറഞ്ഞത് 5 പേരുള്ള വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭ പ്രവർത്തനം ആരംഭിക്കാൻ ആവിഷ്കരിച്ച വായ്പാബന്ധിത പ്രോജക്റ്റാണിത്. സബ്സിഡി തുക സെൻട്രൽ ബാങ്ക് മുക്കൂട്ടുതറ ശാഖയിലേയ്ക്ക് അനുവദിച്ചു. ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 5 സംഘങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരം ധനസഹായം അനുവദിച്ചു.

| സംഘത്തിന്റെ പേര് | അംഗങ്ങളുടെ എണ്ണം | സബ്സിഡി തുക | ബാങ്ക് ലോൺ (സെൻട്രൽ ബാങ്ക്, മുക്കൂട്ടുതറ) | ആകെ |
|---|---|---|---|---|
| ഉദയാ പേപ്പർ ബാഗ് യൂണിറ്റ്, ചേനപ്പാടി | 6 | 150000 | 150000 | 300000 |
| അന്നാ മരിയ ടെയിലറിംഗ് യൂണിറ്റ് | 9 | 225000 | 225000 | 450000 |
| സ്വാതി അച്ചാർ യൂണിറ്റ്, എലിവാലിക്കര | 5 | 125000 | 125000 | 250000 |
| ഹരിത പേപ്പർബാഗ് യൂണിറ്റ്, മൂക്കൻപെട്ടി | 11 | 250000 | 250000 | 500000 |
| ജ്യോതി ഫ്ലവർ മിൽ കണമല | 5 | 125000 | 125000 | 250000 |
| ആകെ സബ്സിഡി | | 875000 | | |

<u>പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ താഴെചേർക്കുന്നു.</u>

1. ബാങ്ക് ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി മേൽ പരാമർശിച്ച ഗ്രൂപ്പുകൾ ബാങ്കുമായി കരാറിൽ ഏർപ്പെട്ടില്ല. ആകയാൽ ബാങ്ക് തിരിച്ചടവ് തുക കണക്കാക്കിയതിൽ അവ്യക്തത നിലനിൽക്കുന്നു.

2. സംരംഭങ്ങളുടെ തുടർപ്രവർത്തനങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്യുന്നില്ല. സ്ത്രീകളിൽ സ്വാശ്രയശീലം വളർത്താനുള്ള ഇത്തരം പ്രോജക്ടുകളുടെ തുടർപ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പ് നിരീക്ഷിക്കേണ്ടതും മാർഗ്ഗനിർദ്ദേശം നൽകേണ്ടതുമാണ്.

3. സംരംഭക ഗ്രൂപ്പുകൾക്ക് ലഭിച്ച ധനസഹായം ആസ്തി ആർജ്ജിക്കുന്നതിനും, അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുമായി ചെലവഴിയ്ക്കുകയും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിൽ നിന്നും ലഭിക്കുന്ന വരവുകളിൽ നിന്നും ബാങ്ക് ലോൺ തിരിച്ചടവ് നടത്തുകയും ചെയ്യേണ്ടതാണ്. ഉദയാ പേപ്പർ ബാഗ് യൂണിറ്റ്, ചേനപ്പാടി എന്ന ഗ്രൂപ്പിന് 1,50,000/- രൂപ സബ്സിഡി ഉൾപ്പെടെ ആകെ 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചു. എന്നാൽ അടിസ്ഥാന സൗകര്യവികസനം, അസംസ്കൃത വിഭവങ്ങളുടെ സമാഹരണം എന്നിവയ്ക്കായി നാളിതുവരെ 120000/- രൂപ മാത്രമേ ഗ്രൂപ്പ് ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. യഥാർത്ഥ ആവശ്യകത മുൻനിർത്തിയല്ല പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്. കൃത്യമായ വിപണി കണ്ടെത്താൻ കഴിയാതെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെടാതിരിക്കുന്ന അവസ്ഥയാണുള്ളത്. ആകയാൽ ലോൺ തിരിച്ചടവിനായി ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തന്നെ ഉപയോഗിച്ചു വരുന്നു. ഇത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. ആകയാൽ ഗ്രൂപ്പിനനുവദിച്ച 150000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉദയാ ഗ്രൂപ്പ് പ്രവർത്തിച്ചുവരുന്ന വനിതാ ഉൽപ്പന്നന വിപണനകേന്ദ്രത്തിന് വൈദ്യുതി ലഭ്യമാക്കി തുടർപ്രവർത്തനങ്ങൾക്ക് സജ്ജരാക്കാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-14 <u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പഠനമുറി നിർമ്മാണം - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.</u>

| | |
|---|---|
| പ്രോജക്റ്റ് നം. | 90/18 |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. , ചേനപ്പാടി |
| ചെലവ് | 13,10,000/- രൂപ (വികസനഫണ്ട്- എസ്.സി.പി)<br>2,00,000/- (വികസനഫണ്ട്- റ്റി.എസ്.പി) |

ആകെ 23 ഗുണഭോക്താക്കളിൽ ചുവടെ ചേർത്തിരിക്കുന്ന 4 പേർ കൂടി പഠനമുറി നിർമ്മാണം പൂർത്തീകരിയ്ക്കുവാനുണ്ട്.

| പട്ടിക ജാതി വിഭാഗം | | | |
|---|---|---|---|
| ഗുണഭോക്താവിന്റെ പേര് | വാർഡ് | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ അവശേഷിക്കുന്നത് |
| ശശികല കെ.പി പാത്തിക്കക്കാവിൽ | 5 | 50000(13/01/18) | 50000 |
| സജി പി.കെ.,പനച്ചിക്കൽ | 8 | 50000(12/01/18) | 50000 |
| സുനിത . റ്റി.,തടത്തിൽ | 16 | 50000(13/01/18) | 50000 |
| പട്ടിക വർഗ്ഗ വിഭാഗം | | | |
| ശോഭന,തേക്കുംതോട്ടത്തിൽ | 7 | 50000(13/01/18) | 50000 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-15 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അധികം നൽകിയ ഗുണഭോക്തൃവിഹിതം തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 145/18 |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ് | 7,38,000 രൂപ, (വികസനഫണ്ട് - 3.69 ലക്ഷം )<br>(ഗുണഭോക്തൃവിഹിതം-3.69 ലക്ഷം ) |

കേരളാ ഫീഡ്സിൽനിന്നും 120 ക്ഷീരകർഷകർക്ക് മൂന്ന് ക്ഷീരസംഘങ്ങളിലൂടെ കാലിത്തീറ്റ വിതരണം ചെയ്തു. 28.03.18 ൽ മൂന്നാം ഘട്ടമായി 2,46,000/- രൂപ കേരളാ ഫീഡ്സിന് കൈമാറി. എന്നാൽ ഇൻവോയ്സ് (044390, 392, 393/22.3.18) പ്രകാരം 2,42,400/- രൂപയാണ് യഥാർത്ഥ ചെലവ്. ഗുണഭോക്തൃവിഹിതമിനത്തിൽ അധികം അടവാക്കിയ 3600/- രൂപ കേരളാ ഫീഡ്സിൽനിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ആകെ വിതരണം ചെയ്ത 720 ചാക്ക് കാലിത്തീറ്റയുടെ കൈകാര്യച്ചെലവിനത്തിൽ മൂന്ന് ക്ഷീരസംഘങ്ങൾക്ക് (720 x 30 ) 21600 രൂപ കേരളാ ഫീഡ്സിൽനിന്നും തിരികെ ലഭ്യമാക്കാനുള്ള നടപടിയും നിർവഹണോദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 3-16 പകർച്ചവ്യാധി നിയന്ത്രണം - സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശുചീകരണത്തൊഴിലാളികൾക്ക് അധികനിരക്കിൽ വേതനം അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 120/18 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി. എരുമേലി |

| | |
|---|---|
| ചെലവ് | 1,46,028 രൂപ, (തനത്ഫണ്ട്),<br>(ചെക്ക് നം.-24281/22.8.17, 24190/12.10.17) |

ശബരിമല സീസണിന് ശേഷമുള്ള പകർച്ചവ്യാധി നിയന്ത്രണപ്രവർത്തനങ്ങളുടെ ഭാഗമായി ശുചീകരണപ്രവൃത്തികൾക്ക് തൊഴിലാളികളെ നിയമിച്ചിരുന്നു. 19/01/18 മുതൽ 26/01/18 വരെയുള്ള 8 ദിവസം ആറ് തൊഴിലാളികൾക്ക് 800/- രൂപ നിരക്കിൽ 38,400/- രൂപ അനുവദിച്ചു. (സബ് വൗച്ചർ നം - 43/17-18/ 26.02.18). എന്നാൽ ജി.ഒ(പി)136/16/7.9.16 പ്രകാരം ശുചീകരണതൊഴിലാളികൾക്ക് 630/- രൂപ ദിവസവേതനത്തിനാണ് അർഹത. അപ്രകാരം കണക്കാക്കിയാൽ 30240/- രൂപയായിരുന്നു (6x630x 8) അനുവദിക്കേണ്ടിയിരുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/17-18) കൃത്യമായ മറുപടി ലഭ്യമാക്കിയില്ല. എന്നാൽ സീസൺ കഴിഞ്ഞുള്ള അധിക മാലിന്യം നീക്കം ചെയ്യാൻ കുറഞ്ഞ നിരക്കിൽ തൊഴിലാളികൾ തയ്യാറാകുന്നില്ലെന്ന് എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അഭിപ്രായപ്പെട്ടു. ഉയർന്ന വേതനനിരക്ക് അനുവദിക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ അധികതുക ചെലവഴിച്ച സാഹചര്യത്തിൽ 8160/- രൂപയുടെ ചെലവ് (38400 - 30240) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 സാന്ത്വന പരിചരണം - രോഗികൾക്കുള്ള മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 76/18 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി എരുമേലി |
| അടങ്കൽ | 9,00,000/- രൂപ (വികസനഫണ്ട്) പാലിയേറ്റീവ് കെയറിന് നൽകിയത് |
| ചെലവ് | 9,00,000/- രൂപ |

സാന്ത്വനപരിചരണ പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ/ഉപകരണങ്ങൾക്കായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 5,08,119/- രൂപ കൈമാറി. എന്നാൽ 4,28,280/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ മാത്രമാണ് നാളിതുവരെ ലഭ്യമായത്.

ഇനിയും ലഭിക്കാനുള്ള 79,839/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്ക് എൻട്രി നടത്തി ലഭിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-18 തെരുവിളക്ക് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ– - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സിൽവർപടി മുതൽ തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കുന്നതിന് വികസന ഫണ്ട് (എസ്.സി.പി) 72000/- രൂപ വകയിരുത്തി 203/2018 നമ്പർ പ്രോജക്ടും, 16,18 വാർഡുകളിലേക്ക് തെരുവു വിളക്ക് വാങ്ങുന്നതിന് വികസന ഫണ്ട് (എസ്.സി.പി) 100000/- രൂപ വകയിരുത്തി 372/2018 നമ്പർ പ്രോജക്ടും 2017-18-ൽ തയ്യാറാക്കി ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങുകയും ആദ്യപ്രോജക്ടിന് 71,250/- രൂപയും (ബിൽ നം.49/17-18 തീയതി 27-03-2018) രണ്ടാമത്തെ പ്രോജക്ടിന് 99,630/- രൂപയും (ബിൽ നം. 54/17-18 തീയതി 27-03-2018) കരാറുകാരായ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. കരാർ പ്രകാരം തെരുവുവിളക്ക് സ്ഥാപിച്ച് 3 വർഷ വാറന്റിയും ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ തെരുവുവിളക്ക് വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയതൊഴിച്ചാൽ വിളക്ക് സ്ഥാപിച്ചതിന്റെ വിവരങ്ങളോ, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളോ, സൂപ്പർവിഷൻ ചാർജ് അടച്ചതിന്റെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

185/2018 ആയി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 1,26,600/- രൂപ ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചു. പ്രസ്തുത പ്രോജക്ടനുസരിച്ച് സിൽവർപടി മുതൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതുൾപ്പെടെയുള്ള

പ്രവൃത്തികളോടൊപ്പം 30 ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജും അടവാക്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. ഈ മേഖലയിൽ സ്ട്രീറ്റ് മെയിൻ വലിക്കാതെ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് തമ്പുരാൻ കാലായിൽ എന്ന സ്ഥാപനവുമായി കരാർ വച്ചത് സംബന്ധിച്ചും വ്യക്തത വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിക്ക് കഴിഞ്ഞിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/17-18 തീയതി 14.3.19) മറുപടി നല്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ ആദ്യ രണ്ട് പ്രോജക്ടുകളുടെ ചെലവ് 1,70,880/- രൂപയും വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മൂന്നാമത്തെ പ്രോജക്ടിന് ചെലവഴിച്ച 1,26,600/- രൂപയും ഉൾപ്പെടെ ആകെ 2,97,480/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-19** <u>വിനിയോഗവിവരങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു</u>

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം വിവിധ പ്രോജക്ടുകൾക്കായി തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നം& പേര് | നിർവ്വഹണ ഏജൻസി | നിർവ്വഹണോദ്യോഗസ്ഥൻ | നിക്ഷേപിച്ച തുക |
|---|---|---|---|---|
| 1 | 401/18 മുക്കൂട്ടുതറ KOT റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | കെഎസ് ഇബി | സെക്രട്ടറി | 1,50,000/-<br>Bill No35/28-3-18 |
| 2 | 378/18 കവുങ്ങുംകുഴി പ്ലാന്റിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റിന് 3ഫേസ് കൺക്ഷൻ | കെഎസ് ഇബി | സെക്രട്ടറി | 58,259/- |
| 3 | 381/18 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെഎസ് ഇബി | സെക്രട്ടറി | 1,76,728/- |
| 4 | 2-ാം വാർഡിലെ വിവിധ കുഴൽക്കിണറുകളുടെ മെയിന്റനൻസ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | സെക്രട്ടറി | 20512/-<br>ചെക്ക് നം24098/23-3-18 |
| 5 | 55/18 സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ | കെഎസ് ഇബി | സെക്രട്ടറി | 26,28,913/-<br>Bill No16/31-10-17<br>No 20/15-1-18<br>No22/31-1-18 |
| | ആകെ | | | 30,34,412/-രൂപ |

മേൽ പറഞ്ഞ പ്രോജക്ടുകളിൽ പ്രവൃത്തി പൂർത്തിയാക്കി കെഎസ് ഇബിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം4) പ്രോജക്ടുകൾ പൂർത്തീകരിച്ചിരുന്നുവെന്നും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിരുന്നില്ലായെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ക്രമ നം.5 പ്രകാരമുള്ള ഡെപ്പോസിറ്റ് തുക ഒടുക്ക് വരുത്തിയിരുന്നുവെങ്കിലും ആവശ്യമായ മെറ്റീരിയൽസ് ലഭിക്കാത്തതിനാൽ വർക്ക് പൂർത്തീകരിച്ചിരുന്നില്ലായെന്ന് അറിയിച്ചു. ടി വർക്ക് പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മേൽ പരാമർശിച്ച എല്ലാ പ്രോജക്ടുകളുടെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രോജക്ടുകൾക്കായുള്ള 30,34,412/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-**4**

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## **4-1** <u>സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം</u>

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 68.51ലക്ഷം രൂപയും ജില്ലാപഞ്ചായത്തിൽ നിന്നും 3 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ഭവനനിർമ്മാണം(പൊതുവിഭാഗം) | 2220000 | 09-01-2018 | 370000 | 1850000 |
| | ഭവനനിർമ്മാണം(എസ്.സി.പി)ലൈഫ് പദ്ധതി | 1100000 | 09-01-2018 | 440000 | 660000 |
| | അങ്കണവാടി പോഷകാഹാരം | 320000 | 31-10-2017 | 320000 | 0 |
| | ശാരാരിക/മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 292857 | 27-10-2017 | 292857 | 0 |
| | ക്ഷീര കർഷകർക്ക് ഇൻസന്റീവ് | 500000 | 26-09-2017 | 500000 | 0 |
| | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ | 900000 | 13-11-2017 | 519372 | 380628 |
| | ബയോബിൻ സ്ഥാപിക്കൽ | 700000 | 20-01-2018 | 0 | 700000 |
| | മാലിന്യം ഉറവിടത്തിൽ വേർതിരിക്കൽ | 100000 | 20-01-2018 | 0 | 100000 |
| | മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് ഷെഡ് തയ്യാറാക്കൽ | 318800 | 20-01-2018 | 0 | 318800 |
| | കവുങ്ങംകുഴി പ്ലാന്റിൽ വെള്ളം സജ്ജീകരിക്കൽ | 400000 | 20-01-2018 | 0 | 400000 |
| | ആകെ | 6851657 | | 2442229 | 4409428 |
| ജില്ലാ പഞ്ചായത്ത് | ശാരാരിക/മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 300000 | 25-11-2017 | 300000 | 0 |

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ യഥാസമയം ചെലവഴിക്കാത്ത തുകകളുടെ തിരിച്ചടവ് സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ജല അതോറിറ്റിയിലും കെ.എസ്.ഇ.ബി.യിലും സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് | കുഴൽകിണർ മെയിന്റനൻസ് | 20,512/- | | 20,512/- |

| | | | | |
|---|---|---|---|---|
| KSEB | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ ഘടിപ്പിക്കൽ | 8,02,695/- | 0 | 8,02,695/- |
| | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ ഘടിപ്പിക്കൽ | 10,97,805/- | | 10,97,805/- |
| | തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ ഘടിപ്പിക്കൽ | 7,28,413/- | | 7,28,413/- |
| | എയ്ഞ്ചൽ വാലി ഭാഗത്ത് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 69,691/- | 69,691/- | |
| | എരുത്വാപുഴ ഭാഗത്ത് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 12,258/- | 12,258/- | |
| | കരിമരുതുങ്കൽ ഭാഗത്ത് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 43,765/- | | 43,765/- |
| | വിവിധഭാഗങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 7,200/- | | 7,200/- |
| | വിവിധഭാഗങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 19,582/- | | 19,582/- |
| | വിവിധഭാഗങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 24,232/- | | 24,232/- |
| | സിൽവർ പടി മുതൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 126600/- | | 126600/- |
| | മുക്കൂട്ടുതറ കെ.ഓ.റ്റി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 1,50,000/- | | 1,50,000/- |
| | കവുങ്ങുംകുഴി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 58,259/- | 58,259/- | |
| | ആകെ | 3161012 | 140208 | 3020804 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും പഞ്ചായത്ത് ഫണ്ടിലേക്ക് എടുത്തിട്ടില്ല. വായ്പ തിരിച്ചടവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ അക്കൗണ്ട് നം./ബാങ്ക് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക(മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(ആർ.ടി)1394/ 22.4.2010 | 5539 കോട്ടയം ജില്ലാ സഹകരണ ബാങ്ക്, എരുമേലി | 3,06,82,500 /- | 63,24,540/- | 5887450/- | 437090/- |

| | | | | | | |
|---|---|---|---|---|---|---|

സെക്രട്ടറി നടപ്പാക്കിയ 22/18, 403/18 നം. പ്രോജക്ടുകൾ മുഖേനയോണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. 31.03.2018 തീയതി വരെയുള്ള പലിശയിനത്തിലുള്ള 16,77,485/- രൂപ സർക്കാരിൽ നിന്നും ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട് (ലോൺ അക്കൗണ്ട് രജിസ്റ്റർ പ്രകാരം).

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തെ കണക്കുകളുടെ സംക്ഷിപ്തവും തയ്യാറാക്കേണ്ടതാണ്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2013-14 | 02-07-02 | 749/- | പി.കെ ഓമനക്കുട്ടൻ,സെക്രട്ടറി | 117020107387/12-2-2018 |
| 2001-02 | 03/JAN | 154/- | പി.എ. നജ്മം<br>(മുൻ സെക്രട്ടറി റിട്ട.) | 92388100034/24-11-2017 |
| 2002-03 | 02-04-01 | 360/- | പി.എ. നജ്മം<br>(മുൻ സെക്രട്ടറി റിട്ട.) | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | - | 2014-15 | 4-1-12 | ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2012-13 | - | 2014-15 | 4-1-6 | കാർഷിക വിജ്ഞാന കേന്ദ്രം- പണി പൂർത്തീകരിച്ചില്ല | |
| 1997-98 | ഭാഗം 4 | 1999 | - | ജനകീയാസൂത്രണ പദ്ധതി | |

| | | | | | |
|---|---|---|---|---|---|
| 1997-98 | 28 | 1999 | 3-14(b) | 2.5 ലക്ഷം രൂപയുടെ തിരിച്ചടവ് അവ്യക്തം | |
| 1997-98 | - | 1999 | 3-14(b) | സെക്രട്ടറി സ്വന്തം നിലയിൽ പണം നൽകിയത് ക്രമ വിരുദ്ധം | |
| 1999-00 മുതൽ 2001-02 വരെ | 2-20 | 2004-05 | 2(3) | ജനകീയാസൂത്രണം അവലോകനം തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല-895166 രൂപയുടെ ചെലവ് | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 13,61,86,159/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,42,63,430/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,63,811/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,31,364/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | ചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | | 3200/- | പി.എ നൗഷാദ്, സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത് |
| 3-6 | | 12270/- | ബീന നാരായണൻ, അസിസ്റ്റന്റ് എഞ്ചിനീയർ, |
| 3-7 | | 3861/- | ബീന നാരായണൻ,അസിസ്റ്റന്റ് എഞ്ചിനീയർ, |
| 3-8 | | 92385/- | ബീന നാരായണൻ, അസിസ്റ്റന്റ് എഞ്ചിനീയർ, |
| 3-10 | | 44793/- | ബീന നാരായണൻ, അസിസ്റ്റന്റ് എഞ്ചിനീയർ, |

| | | | |
|---|---|---|---|
| 3-12 | | 7302/- | ബീന നാരായണൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ, |
| ആകെ | | 1,63,811/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 42070 | ബീന നാരായണൻ,അസിസ്റ്റന്റ് എഞ്ചിനീയർ, |
| 3-6 | 464593 | ബീന നാരായണൻ,അസിസ്റ്റന്റ് എഞ്ചിനീയർ, |
| 3-10 | 434649 | ബീന നാരായണൻ,അസിസ്റ്റന്റ് എഞ്ചിനീയർ, |
| 3-13 | 150000 | മുഹമ്മദ് ഷാഫി,വി.ഇ.ഒ ചേനപ്പാടി |
| 3-16 | 8160 | ഡോ. സീന എം ഇസ്മയിൽ,മെഡിക്കൽ ഓഫീസർ സി.എച്ച്.സി, എരുമേലി |
| 3-18 | 170880<br>126600 | ബീന നാരായണൻ,അസിസ്റ്റന്റ് എഞ്ചിനീയർ, |
| 3-19 | 3034412 | പി.എ നൗഷാദ്, സെക്രട്ടറി,എരുമേലി ഗ്രാമപഞ്ചായത്ത് |
| ആകെ | 44,31,364/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-11

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എ. നൗഷാദ്, സെക്രട്ടറി | സെക്രട്ടറി ,എരുമേലി ഗ്രാമപഞ്ചായത്ത് | പാറക്കൽ , പെരുവന്താനം പി.ഒ ഇടുക്കി ജില്ല |
| ബീന നാരായണൻ, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പറവൂർ നഗരസഭ, എറണാകുളം | ശ്രീപത്മനാഭ, റ്റി.കെ.എം കോളജ് പി.ഒ., കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.12.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91, 1991-92 | LFKP-4/895/96/9.4.97/15.9.97 | |

| | | |
|---|---|---|
| 1997-98 | LFKP-4/364/08/21.10.09/15.12.09 | |
| 1997-98 | LFKP-8/333/04/5.6.04 | |
| 1998-99 | LFKP8/884/02/21.4.03/10.7.03 | |
| 2001-02 | LFKP9/367/08/8.3.10/ | |
| 2002-03 | LFKP9/368/08/8.3.10 | |
| 2002-03 | LFKP8/758/05/16.5.06 | |
| 2004-05 | LFKP13/672/11/9.12.11 | |
| 2005-06 | LFKP9/793/10/ 8.4.11 | |
| 2006-07 | LFKP13/794/10/1.8.12/7.8.12 | |
| 2007-08 | LFKP13/1592/11/1.8.01/4.8.13 | |
| 2008-09/09-10 | LFKP13/989/12/6.7.13 | |
| 2010-11/11-12 | LFKP13/103/14/25.8.14 | 35 |
| 2012-13 | LFKP13292/15/22.3.16 | 47 |
| 2013-14 | KSAKTMP13/516/16/17.9.16 | 40 |
| 2003-04 | LFKP9/949/09/23.4.10 | |
| 2014-15 | KSA-KTMP13/864/16/21.7.16 | 21 |
| 2015-16 | KSA-KTM.P13-1795/2016/16.12.2016 | 22 |
| 2016-17 | KSA-KTM.P18/815/17/12.6.17 | 19 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## **അനുബന്ധം-1**

### ഓഡിറ്റ്സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി11/306/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 24.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം